കെ.എസ്.എ.കെ.ടി.എം.പി-8/1226/19 തീയതി 27.08.2019

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള പഞ്ചായത്ത് രാജ് നീയമം -വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നീയമം- വകുപ്പ് 13 ,1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.06.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾക്ക് അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 09.08.2019ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ സാബു സി. ജോർജ്, ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	30.07.2019 മുതൽ 09.08.2019 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ സുലത ഡി	ഓഡിറ്റ് ഓഫീസർ
	സുമേഷ് പി. വി.	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	അമ്പിളി യു.	സീനിയർ ഗ്രേഡ് ഓഡിറ്റർ
	രഞ്ചു പ്രകാശ്	സീനിയർ ഗ്രേഡ് ഓഡിറ്റർ
	ലൂക്കോസ് കുര്യൻ	ഓഡിറ്റർ

<u>നിർവ്വഹണാധികാരികൾ</u>

പ്രസിഡന്റ്	ശ്രീ. വി.ജി.മോഹനൻ	01.04.2018മുതൽ 31.03.2019 വരെ
സെക്രട്ടറി	ശ്രീ. സുനിൽ എസ്.	01.04.2018 മുതൽ 31.03.2019 വരെ

<u>മറ്റ് നിർവഹണോദ്യോഗസ്ഥർ</u>

അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്	ശ്രീമതി ബീന രഘുനാഥ്	01.04.2018 മുതൽ 24.04.2018 വരെ
	ശ്രീമതി സൂര്യ ജി .എസ്	25.04.2018 മുതൽ 31.03.2019 വരെ
അസിസ്റ്റന്റ് സെക്രട്ടറി	ആർ രമേഷ് ബാബു	01.04.2018 മുതൽ 31.03.2019 വരെ

സീനിയർ വെറ്റിറിനറി സർജൻ	ഡോ. പത്മകുമാർ	01.04.2018 മുതൽ 31.12.218 വരെ
	ഡോ. അജിത്ത് കുമാർ	18.01.2019 മുതൽ 31.03.2019 വരെ
കൃഷി ഓാഫീസർ	കെ പ്രദീപ് കുമാർ	01.04.2018 മുതൽ 31.07.2018 വരെ
	അനൂപ് കൃഷ്ണൻ (ചാർജ്)	01.08.2018 മുതൽ 15.01.2019 വരെ
	തെരേസ അലക്സ്	16.01.2019 മുതൽ 31.03.2019 വരെ
മെഡിക്കൽ ഓാഫീസർ പി.എച്ച്.സി .തലയോലപ്പറമ്പ്	ഡോ.രേണു ആർ	01.04.2018 മുതൽ 01.08.2018 വരെ
	ഡോ. സുധർമണി തങ്കപ്പൻ	02.08.2018 മുതൽ 31.03.2019 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശോഭന എ പി	01.04.2018 മുതൽ 11.09.2018 വരെ
	ധന്യ ഗോപാലകൃഷ്ണൻ	12.09.2018 മുതൽ31.03.2019 വരെ
ഡയറി എക്സ്റ്റൻഷൻ ഓാഫീസർ.	ജോഷി ജോസഫ്	01.04.2018 മുതൽ 24.09.2018 വരെ
	എസ്.കെ. സുധ	25.09.2018 മുതൽ 31.03.2019 വരെ
വി.ഇ .ഒ.	ചിഞ്ചുദിനേശ്	01.04.2018 മുതൽ 11.5.2018 വരെ
	മാത്യു	12.5.2018മുതൽ 22.11.2018 വരെ
	അനില കെ.എസ്	23.11.2018 മുതൽ 31.03.2019 വരെ
	ഷീന കെ.പി.	01.04.2018 മുതൽ 31.03.2019 വരെ
മെഡിക്കൽ ഓഫീസർ (ഹോമിയോ)	മോളി കെ.	01.04.2018 മുതൽ 31.03.2019 വരെ

ഖണ്ഡിക നം.	വിഷയം
ഭാഗം 1-പൊതു അവലോകനം	
1-1	ബജറ്റ്
1-2	വാർഷിക ധനകാര്യപത്രിക
1-3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം
1-4	സാമ്പത്തിക വിശകലനം
1-5	ഫണ്ട് വിനിയോഗം
1-6	പദ്ധതി അവലോകനം
1-7	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – അവലോകനം
1-8	സാമൂഹ്യക്ഷേമപദ്ധതികൾ
1-9	ക്യാഷ് പരിശോധന
1-10	ആഭ്യന്തരനിയന്ത്രണം
1-11	മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം
1-12	വാർഷികകണക്കുകളുടെ അവലോകനം
ഭാഗം 2-വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
2-1	വാർഷിക പദ്ധതി പ്രവർത്തനങ്ങൾക്കായി ലഭ്യമായ 1.34 കോടി രൂപയുടെ സർക്കാർ ധനസഹായം

2-2	രസീതുകൾ ക്രമപ്രകാരം ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നില്ല
2-3	രസീത് ഉപയോഗത്തിലെ അപാകതകൾ
2-4	സമുദായസംഘടനയുടെ ഉടമസ്ഥതയിലുള്ള ഹാളുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല
2-5	ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ച്
2-6	റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു
2-7	വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയിട്ടില്ല
2-8	കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നവരുമായി കരാർ ചമയ്ക്കുന്നില്ല
2-9	പുതുക്കിയ ഉത്തരവ് പ്രകാരം സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല
2-10	സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു
2-11	ഓഡിറ്റ് നിർദ്ദേശാനുസരണം പിഴപ്പലിശ ഈടാക്കി
2-12	ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിഗണിച്ചിട്ടില്ല
2-13	ഇ-ടെൻഡർ – ടെൻഡർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ലഭ്യമായിട്ടില്ല
ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
3-1	യാത്രാബത്ത അധിക നിരക്കിൽ അനുവദിച്ചു
3-2	ബസ് ടെർമിനൽ കോംപ്ലക്സ് കം പഞ്ചായത്ത് ഭവൻ നിർമ്മാണങ്ങ – 10 വർഷത്തിനുമുൻപ് നടപടിക്രമങ്ങളാരംഭിച്ചുവെങ്കിലും നാളിതുവരെ ലക്ഷ്യം സാക്ഷാത്കരിക്കാനായിട്ടില്ല
3-3	സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 15.19 ലക്ഷം രൂപയുടെ ചെലവ് തുകയുടെ നിജസ്ഥിതി ബോധ്യമായിട്ടില്ല
3-4	അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ
3-5	വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് – കരാർവച്ച് 7 മാസങ്ങൾ കഴിഞ്ഞിട്ടും കരാറുകാർ പ്രവൃത്തി സ്ഥലം ഏറ്റുവാങ്ങിയിട്ടില്ല
3-6	പാലിയേറ്റീവ് കെയർ – ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തില്ല
3-7	കെട്ടിടനിർമ്മാണം പൂർത്തിയായിട്ടും അങ്കണവാടിയുടെ പ്രവർത്തനം വാടകക്കെട്ടിടത്തിൽ
3-8	മരുന്ന് പൂർണ്ണമായും ലഭ്യമായില്ല
3-9	വിനിയോഗവിവരമില്ല – തുക തടസ്സപ്പെടുത്തുന്നു
3-10	ലൈഫ് മിഷൻ പദ്ധതി ആദ്യഘട്ടം – ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല – നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്
3-11	ടാറിംഗ് പ്രവൃത്തികൾ – ബാരൽവില നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല
3-12	പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി
3-13	സൗജന്യമായി വിട്ടുകിട്ടിയ ഭൂമി റവന്യൂ രേഖകൾ പ്രകാരം പഞ്ചായത്തിന്റെ ആസ്തിയാക്കിയിട്ടില്ല

3-14	ആശ്രയ – ഒന്നും രണ്ടും ഘട്ടത്തിലെ എല്ലാ ഗുണഭോക്താക്കൾക്കും അടിസ്ഥാന ജീവിത സൗകര്യങ്ങളൊരുക്കുന്നതിൽ സംവിധാനം പരാജയപ്പെട്ടു
4-1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം
4-2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം
4-3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്
4-4	വായ്പ/വായ്പ തിരിച്ചടവ്
4-5	സ്ഥിരനിക്ഷേപങ്ങൾ
4-6	ഓഡിറ്റ് റിക്കവറി
4-7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം
4-8	ചാർജ്/സർചാർജ് നടപടികൾ
4-9	ഓഡിറ്റ് പ്രത്യവലോകനം
4-10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ
അനുബന്ധം-1	ഓഡിറ്റ് സാക്ഷ്യപത്രം
അനുബന്ധം-2	ബാലൻസ് ഷീറ്റ്
അനുബന്ധം-3	ഇൻകം അന്റ് എക്സ്പെൻഡീച്ചർ
അനുബന്ധം-4	റസീപ്റ്റ് ആന്റ് പെയ്മെന്റ്

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 27.03.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യപത്രിക (റസീപ്റ്റ് & പേയ്മെന്റ്) പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	ബജറ്റിൽ നിന്നുള്ള വ്യതിയാനം		ശതമാനം (+)/(-)
			കൂടുതൽ	കുറവ്	
മുന്നിരിപ്പ്	15707641	18300085.05	2592444.05		
വരവ്	74028001	71859966	2168035		
ആകെ	89735642	90160051.05	424409.05		
ചെലവ്	82344600	69115077	13229523		
നീക്കിയിരിപ്പ്	7391042	21044974.05	13653932.05		

ബജറ്റിൽ പ്രതീക്ഷിത വരവുചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമാണുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവുചെലവ് കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 04.05.2019ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 12.06.2019, 13.06.2019 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 11.07.2019ലെ കെ.എസ്.എ.-കെ.ടി.എം.പി8/915/2019 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

മുന്നിരിപ്പ്	18300085.05
വരവ്	71859966
ആകെ	90160051.05
ചെലവ്	69115077
നീക്കിയിരിപ്പ്	21044974.05

1-5 ഫണ്ട് വിനിയോഗം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

ഫണ്ടിനം	മുന്നിരിപ്പ്	എ.സി.ആർ. പ്രകാരമുള്ള വരവ്/ അലോട്ട്മെന്റ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് %
വികസനഫണ്ട് -പൊതുവിഭാഗം	0	14,810,433	14,810,433	14,008,090	802343	94.58%
വികസനഫണ്ട് – എസ്.സി.പി.	0	7,477,000	7,477,000	6240419	1236581	83.46
വികസനഫണ്ട് – ടി.എസ്.പി.	0	253000	253000	64349	188651	25.43
സംരക്ഷണഗ്രാന്റ് – റോഡ്	0	9,260,000	9,260,000	4,290,944	4969056	46.34
സംരക്ഷണഗ്രാന്റ് – നോൺറോഡ്	0	3301000	3,301,000	1276529	2024471	38.67
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	6,934,000	6,934,000	2,669,032	4264968	38.49
പെർഫോമൻസ് ഗ്രാന്റ്	0					
തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ. ഇ.ജി.എസ്	69643.50	15958871	16028514.50	16027878	636.50	99.99
ബി ഫണ്ട്	0	34771720	34771720	34771720	0	100

ഗുണഭോക്തൃ വിഹിതം	458191	159200	617391	158200	45191	25.62
തനത് ഫണ്ട് (TSB)	1559341	15443708	17003049	9213773	7789276	70.86
സംയുക്ത പ്രോജക്ട്	850	5307977	5308827	3380939	1927888	63.68
ഐ.സി.ഡി.എസ്.	729487	680607	1410094	358767	1051327	25.44
ടി.എസ്.സി.	1550597	2025000	3575597	1550597	2025000	76.5
തനത് ഫണ്ട്	0	17626803		9835762		

1-6 പദ്ധതി അവലോകനം

2018-19 വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം	പദ്ധതി ചെലവ് (ശതമാനം)
186	119,663,775	94	4,63,64,681	92	50.53	50.2

<u>പദ്ധതി ആസൂത്രണവും പദ്ധതിരൂപീകരണവും</u>

ഗ്രാമപഞ്ചായത്തിന്റെ 2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-1-18-ലെ ജി.ഒ.(പി) 11/2018 നമ്പർ ഉത്തരവിലെ നിർദ്ദേശാനുസരണമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നടപടിക്രമങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ല. പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കപ്പെട്ട വിവിധ യോഗങ്ങളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

പദ്ധതി രൂപീകരണഘട്ടങ്ങൾ	നടത്തിയ തീയതി
ആസൂത്രണസമിതിയോഗം	19-1-18
വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം	31-1-18
പദ്ധതിരൂപീകരണഗ്രാമസഭകൾ	18-2-18 മുതൽ 25-2-18വരെ
ഭിന്നശേഷി ഗ്രാമസഭകൾ	26-2-18, 19-11-18
ഊരുകൂട്ടയോഗം	26-2-18, 19-11-18
വർക്കിംഗ് ഗ്രൂപ്പുകളുടെ പൊതുയോഗം	തീയതി രേഖപ്പെടുത്തിയിട്ടില്ല
വികസനസെമിനാർ	8-3-18

<u>പദ്ധതിഅംഗീകാരം</u>

മേൽപ്പറഞ്ഞ പ്രവർത്തനഘട്ടങ്ങളിലൂടെ ഉരുത്തിരിഞ്ഞ കരട് പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കപ്പെട്ട 2018-19-ലെ അന്തിമപദ്ധതി രേഖ 23-3-18-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു (തീരുമാനം - I (1)). വിവിധ വിഭവ സ്രോതസുകളിൽ നിന്നായി 11,96,63,775/- രൂപ വകയിരുത്തിയിരുന്ന വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി അന്തിമമായി നിർവ്വഹണാനുമതി നൽകിയിരുന്നു (ഉത്തരവ് നം 490/18/ഡി.പി.സി/ഡി.പി.ഒ/ കോട്ടയം, തീയതി 15-3-19). സ്പിൽ ഓവർ ഉൾപ്പെടെ 186 പ്രോജക്കുകൾക്കാണ് വാർഷികപദ്ധതിപ്രകാരം അംഗീകാരം ലഭിച്ചത്.

<u>പദ്ധതിനിർവ്വഹണം</u>

അംഗീകാരം കിട്ടിയതിൽ സ്പിൽ ഓവർ പ്രോജക്കുകൾ ഉൾപ്പടെ 95 പ്രോജക്കുകൾക്ക് വേണ്ടിയാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവ് തുക 4,63,64,681/- രൂപ. വാർഷികപദ്ധതിയിൽ വിവിധ നിർവഹണോദ്യോഗസ്ഥരുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണോദ്യോഗസ്ഥർ	അംഗീകാരം ലഭിച്ചവ	നടപ്പിലാക്കിയവ	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
കൃഷി ഓഫീസർ	3	3	2819280	2112780	74.94
വെറ്ററിനറി സർജൻ	4	3	2784000	905000	32.5
മെഡിക്കൽഓഫീസർ, പി.എച്ച്.സി.	1	1	630000	543804	86.31
മെഡിക്കൽഓഫീസർ, ഹോമിയോ	1	1	200000	200000	100
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	7	6	57089000	17447239	30.5
ഐ.സി.ഡി.എസ്.	4	3	4185000	3222462	77
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	2	2	1225000	795000	64.8
സെക്രട്ടറി	18	11	7661483	4904528	64
അസിസ്റ്റന്റ് എഞ്ചിനീയർ	138	56	39940512	14076100	35
അസിസ്റ്റന്റ് സെക്രട്ടറി	8	8	3129500	2157768	69
ആകെ	186	94	119,663,775	46364681	38.74

<u>പദ്ധതിചെലവ് കേവലം 38.74%</u>

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയിൽ ആവിഷ്ക്കരിച്ചിരുന്ന 50% പ്രോജക്ടുകൾ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാലും നടപ്പിലാക്കുന്നതിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള സമയക്ലിപ്തത പാലിക്കാതിരുന്നതിനാലും ഗണ്യമായ അളവിൽ ഗ്രാന്റ് നഷ്ടമാകുന്നതിനിടയായി. വിശദാംശങ്ങൾ പ്രത്യേക ഖണ്ഡികയായി ഭാഗം -2-ൽ ഉൾപ്പെടുത്തിയിട്ടുണ്ട് (ഖ. 2-1). മാത്രമല്ല പ്രോജക്ട് നിർവ്വഹണത്തിലെ കാലതാമസം മൂലം മാർച്ച് മാസത്തിൽ സമർപ്പിച്ച നിരവധി ബില്ലുകൾ ട്രഷറി നിയന്ത്രണം മൂലം പണമാക്കാനും കഴിഞ്ഞില്ല. പിന്നീട് ടി ചെലവുകൾ അടുത്ത വർഷത്തേക്കുള്ള അലോട്ട്മെന്റിൽനിന്നും നടത്തേണ്ടിയും വന്നു. (വിശദാംശങ്ങൾക്ക് ഖ 2-1 (എ) കാണുക).

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം</u>

വിവിധ വിഷയമേഖലകളിലായി മുൻവർഷം രൂപീകരിച്ചിരുന്ന **12** വർക്കിംഗ് ഗ്രൂപ്പുകളേയും പുനസംഘടിപ്പിക്കുകയും ദുരന്തനിവാരണം എന്ന പേരിൽ പുതിയ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തു. പദ്ധതി രൂപീകരണപ്രവർത്തനങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമായി ഇടപെട്ടിട്ടുണ്ടെങ്കിലും പദ്ധതിനിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും അവസ്ഥാവിശകലനം നടത്തി റിപ്പോർട്ട് ചെയ്യുന്നതിലും നിയമാനുസൃതചുമതല നിറവേറ്റിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗവിവരങ്ങളുടെ മിനിറ്റ്സ് യഥാവിധി തയ്യാറാക്കി ആധികാരികമാക്കിയിട്ടില്ല.

<u>സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം</u>

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഭരണപരവും വികസനപരവും ക്ഷേമപരവുമായ കാര്യങ്ങൾ കാര്യക്ഷമവും സുതാര്യവും കുറ്റമറ്റതും ഏറ്റവും വേഗത്തിലുമാക്കുന്നതിന് സഹായിക്കുന്ന നിയമപരമായ സംവിധാനമാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ. ഇതിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയതിൽ ഭരണപരമായ കാര്യങ്ങളൊഴികെയുള്ള സംഗതികളിൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല എന്ന് കാണുന്നു. മിനിറ്റ്സ് രേഖകൾ പരിശോധിച്ചതിൽ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും അതിന് ചുമതലപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് പ്രസ്തുത തീരുമാനങ്ങൾ ജനറൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നുണ്ടെങ്കിലും പ്രധാനപ്പെട്ട പല തീരുമാനങ്ങളും പ്രാവർത്തികമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് പുതിയ കെട്ടിടത്തിലേക്ക് മാറ്റുക, മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക, വസ്ത്രനിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം പുനരാരംഭിക്കുക, സംയുക്ത പരിശോധനയിലൂടെ പൊതുടാപ്പുകളുടെ കണക്കുകൾ കൃത്യമാക്കുക, സെന്റ് ജോർജ്ജള്ളി പാരീഷ് ഹാളിന്റെ വസ്തുനികുതി നിർണ്ണയിക്കുക മുതലായവ ഏതാനും ഉദാഹരണങ്ങളാണ്. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് ആസൂത്രണ / രൂപീകരണഘട്ടങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചുമതലകൾ നിറവേറ്റിയിട്ടുണ്ടെങ്കിലും പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിലും പദ്ധതി മോണിറ്ററിംഗിലും നിയമാനുസൃത ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്നു.

1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 2018-19 വർഷം 15 വാർഡുകളിലെയും ഗ്രാമസഭകൾ ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2018-19 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 411 പ്രോജക്ടുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. സാങ്കേതികാനുമതി ലഭിച്ച 182 പ്രോജക്ടുകളിൽ 182 എണ്ണവും തൻവർഷം നടപ്പിലാക്കി. 2018-19 വർഷം 57009 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1095 കുടുംബങ്ങൾ തൻവർഷം പദ്ധതിയുമായി സഹകരിച്ചു. ധനകാര്യപത്രിക പ്രകാരമുള്ള 2018-19 വരവുചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	69643.50	83523	153166.50	152530	636.50
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	15875348	15875348	15875348	0
ആകെ	69643.50	15958871	16028514.5	16027878	636.50

1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2018-19 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

ക്ഷേമപദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക (രൂപ)
കർഷകതൊഴിലാളി പെൻഷൻ	462	5134300
വിധവാപെൻഷൻ	583	6660300
വാർദ്ധക്യകാലപെൻഷൻ	1692	19213600
വികലാംഗപെൻഷൻ	240	2799900
അവിവാഹിത പെൻഷൻ	56	625100
തൊഴിൽരഹിത വേതനം	92	158520
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	6	180000
ആകെ		34771720

1-9 ക്യാഷ് പരിശോധന

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യപത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.08.2019, 3.45 പി.എം.ന്, അക്കൗണ്ടന്റിന്റെയും ഹെഡ് ക്ലാർക്കിന്റെയും സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 12118/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. വൗച്ചറുകൾ ക്രമപ്പെടുത്തി ബൈന്റ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. നികുതി കുടിശിക വരവുകൾ ഇൗടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി/പഞ്ചായത്ത് കമ്മറ്റി കണിശതയോടെ നിരീക്ഷിച്ച് വരുന്നു. മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തന കലണ്ടർ ഫയലുകളിൽ സൂക്ഷിക്കുന്നില്ല. കരാർ വച്ച് ആരംഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ഇത് സംബന്ധമായ ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ ദൗർബല്യം കാരണമാകുന്നു. ഐ.എസ്.ഒ. കിട്ടിയ ഗ്രാമപഞ്ചായത്തിന് അടിസ്ഥാന സൗകര്യം അപര്യാപ്തമാണ്. കുടുംബശ്രീ ഓഫീസ് ചോർന്നൊലിക്കുന്നു. തനത്ഫണ്ട് കൂടുതൽ പ്രോജക്ടിന് ചെലവഴിക്കുന്നതു മൂലം സാമ്പത്തിക സുസ്ഥിരത ഉണ്ടായിരുന്ന ഗ്രാമപഞ്ചായത്ത് അനുദിനം ശോഷിച്ചുകൊണ്ടിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ സ്വപ്നപദ്ധതിയായ ബസ് സ്റ്റാന്റ് നിർമ്മാണം ആഭ്യന്തര പ്രശ്നങ്ങളും വ്യവഹാരങ്ങൾ മൂലവും ഇഴഞ്ഞു നീങ്ങുകയാണ്. വികസന ഫണ്ട് വിഹിതം

വിനിയോഗിക്കാത്തതുമൂലം കോടിക്കണക്കിന് രൂപ നഷ്ടമുണ്ടാകുന്ന അവസ്ഥ സംജാതമാകുന്നു. പദ്ധതിനിർവ്വഹണ പ്രവൃത്തികൾ സാമ്പത്തിക വർഷാവസാനത്തേയ്ക്ക് നീക്കിവെക്കുന്നതുമൂലം നിരവധി ബില്ലുകൾ ക്യൂവിൽ ആകുകയും ആയത് അടുത്ത വർഷത്തിലെ പദ്ധതി വിഹിതത്തിൽ നിന്ന് ചെലവ് ചെയ്യേണ്ടതായും വരുന്നു.

1-11 മറ്റ് ഒാഡിറ്റ് നടത്തിയതിന്റെ വിവരം.

ഒാഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് നമ്പർ, തീയതി
പെർഫോമൻസ് ഓഡിറ്റ്	21.05.2019	03/19-04/19	--
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	22.03.2014 മുതൽ 25.04.2014 വരെ	2008-09,2012-13	എൽ ബി ഐ(എച്ച് ക്യു) 11/18 എ, 2144/84, 03.06.2014

1-12 വാർഷിക കണക്കുകളുടെ അവലോകനം

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം-62 പ്രകാരം വാർഷിക കണക്കുകളിൽ റേഷ്യോസ്, നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
2. സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.
   2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ (ചട്ടം 46) പ്രകാരം 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്ത ചെക്കുകൾ liability in respect of stale cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല (ചെക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല, തീയതി 23.9.17 തുക 2691). ടി തുക തെറ്റായ രേഖപ്പെടുത്തലായതിനാൽ 2019-20 ൽ പരിഹരിച്ചിട്ടുണ്ട്.
4. വസ്തുനികുതി സംബന്ധിച്ച് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി.കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
5. നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 31.3.15 ൽ 62604 രൂപ ബാങ്ക് നേരിട്ട് ഈടാക്കിയത് തെറ്റായ എൻട്രിയാണെന്നാണ് അക്കൗണ്ടന്റ് മറുപടി നൽകിയത്. 2019-20 ൽ അപാകത പരിഹരിച്ചിട്ടുണ്ട്.
6. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58(4)എച്ച് പ്രകാരം കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
7. തൻവർഷം 2,34,048/- രൂപ പാർട്ട് ബിൽ ആയി നൽകിയിട്ടുണ്ടെങ്കിലും ആയത് ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തി	പാർട്ട് ബിൽ തുക
കാരാത്തറ സെറ്റിൽമെന്റ് കോളനി വികസനം	90179
കെടയമംഗലം റോഡ്	143869

8. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന ഇനങ്ങളുടെ (TSC, ICDS) പ്രാരംഭ ബാക്കി തുകകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല.
9. തൊഴിൽ നികുതി ട്രേഡേഴ്സ് അക്രുവൽ രേഖപ്പെടുത്താതെ തൻവർഷ വരവ് ഡിമാന്റായി രേഖപ്പെടുത്തിയിരിക്കുന്നു. അതിനാൽ കുടിശ്ശിക തുക കണക്കിൽ പ്രതിഫലിക്കുന്നില്ല.
10. ബി 7 ഷെഡ്യൂളിൽ അദർ ഡെപ്പോസിറ്റായി 1788256/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. അപാകത 2019-20 ൽ പരിഹരിച്ചിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമായത്. ടി തുകയുടെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടില്ല.
11. ഫിക്സഡ് ഡെപ്പോസിറ്റ് പലിശ വരവ് തെറ്റായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.
12. തനത് ഫണ്ട് പലിശ രേഖപ്പെടുത്തുന്ന RP9 ഷെഡ്യൂളിൽ തനത് ഫണ്ട് ഒഴികെയുള്ള തുകകളുടെ പലിശയും ഉൾപ്പെടുത്തിയിരിക്കുന്നു.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വാർഷികപദ്ധതി പ്രവർത്തനങ്ങൾക്കായി ലഭ്യമായ 1.34 കോടി രൂപയുടെ സർക്കാർ ധനസഹായം നഷ്ടമായി.

(എ)

ഫണ്ട്തരം	അനുവദിച്ച തുക	ചെലവഴിച്ചത്	നഷ്ടമായത്
വികസനഫണ്ട്- (ജനറൽ)	1,48,10,433	1,40,08,090	8,02,343
എസ്.സി.പി	74,77000	62,40,41	12,36,581
റ്റി.എസ്.പി	25,3000	64,349	1,88,651
ധനകാര്യക്കമ്മീഷൻ അവാർഡ്	6,93,4000	26,69,032	42,64,968
സംരക്ഷണഗ്രാന്റ് (റോഡ്)	92,60000	4290944	49,69,056
സംരക്ഷണഗ്രാന്റ് (റോഡിതരം)	33,01,000	1276529	20,24,471
ആകെ	4,20,35,433	2,85,99,363	1,34,86,070

സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ ഏകദേശം 3 മാസത്തെ ഇടവേളകളിൽ വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ് ലഭ്യമായിരുന്നെങ്കിലും പ്രസ്തുത ഫണ്ടുകൾ വകയിരുത്തി ആവിഷ്ക്കരിച്ച പ്രോജക്ടുകൾക്കുവേണ്ടി തുക വിനിയോഗിക്കാതിരുന്നത് വളരെ ഗൗരവമായി കാണേണ്ടതാണ്. മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്ന റോഡ് പ്രവൃത്തികൾ ഉൾപ്പെടെ പശ്ചാത്തലമേഖലയിൽ ആവിഷ്ക്കരിച്ച നിരവധി പ്രോജക്ടുകൾ തനതുഫണ്ട് വകയിരുത്തിയാണ് ആവിഷ്ക്കരിച്ചിരുന്നത്. അസിസ്റ്റന്റ് എൻജിനീയർക്ക് നിർവ്വഹണചുമതലയുണ്ടായിരുന്ന പ്രോജക്ടുകൾക്കുവേണ്ടിമാത്രം ഒരുകോടിയിലധികം രൂപ തനതുഫണ്ട് വകയിരുത്തിയിരുന്നു. മാത്രമല്ല സർക്കാർ ഗ്രാന്റ്/വികസനഫണ്ട് വകയിരുത്തിയിരുന്ന പ്രോജക്ടുകളെ അപേക്ഷിച്ച് തനതുഫണ്ട് വകയിരുത്തിയിരുന്ന പ്രോജക്ടുകളാണ് കൂടുതലും നടപ്പാക്കിയിട്ടുമുള്ളത്. ഇതിനായി തനതുവരുമാനത്തിൽനിന്നും 60.54ലക്ഷം രൂപ ചെലവഴിച്ചിട്ടുമുണ്ട്. 2019-20 സാമ്പത്തികവർഷത്തിലും ഇതേ സാഹചര്യമാണുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളായിരുന്ന വിനോദനികുതി, പരസ്യനികുതി മുതലായവ നിർത്തലാക്കപ്പെട്ട സാഹചര്യത്തിലും സർക്കാർ ഗ്രാന്റ് പരമാവധി വിനിയോഗിക്കാതെ തനതുഫണ്ട് ചെലവഴിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതിയെ വളരെ പ്രതികൂലമായി ബാധിക്കുന്നതാണ്. ആയതിനാൽ പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്കായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(ബി) 2019-20 -ലെ 76 ലക്ഷത്തിലധികം വരുന്ന സർക്കാർ ഗ്രാന്റ് തൻവർഷത്തെ പ്രോജക്ടുകൾക്ക് വിനിയോഗിക്കാനായില്ല.

2018-19 വാർഷികപദ്ധതിയിൽ ആവിഷ്ക്കരിച്ച് അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കാതിരുന്നതിനാൽ പല പ്രോജക്ടുകളും പൂർത്തീകരിച്ചത് മാർച്ച് മാസത്തിലായിരുന്നു. എന്നാൽ സാമ്പത്തികവർഷം അവസാനമാസം ട്രഷറിയിൽ സമർപ്പിക്കപ്പെട്ട പല ബില്ലുകളും പാസ്സാകാതെ ക്യൂലിസ്റ്റിൽ ഉൾപ്പെടുകയാണുണ്ടായത്. ആകെ 76,03,972/- രൂപയുടെ ബില്ലുകളാണ് ഇപ്രകാരം പാസാകാതിരുന്നത്. ബിൽ മാറാതിരുന്ന പ്രോജക്ടുകൾ സ്പിൽ ഓവറായി 2019-20 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചെങ്കിലും സ്പിൽ ഓവർവിഹിതം സർക്കാർ അനുവദിക്കാതിരുന്ന സാഹചര്യത്തിൽ 2019-20-ലെ അലോട്ട്മെന്റിൽ നിന്നുമാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട് ഇനം	2019-20 -ലേക്ക് ലഭ്യമായ അലോട്ട്മെന്റ് (8/19വരെ)	2018-19-ലെ പ്രോജക്ടുകൾക്കുവേണ്ടി ചെലവഴിച്ച തുക	ചെലവഴിക്കാൻ അവശേഷിക്കുന്ന ക്യൂബിൽ തുകകൾ	ക്യൂബിൽ പ്രകാരം ചെലവഴിക്കേണ്ടി വരുന്ന ആകെത്തുക
മെയിന്റനൻസ്ഗ്രാന്റ്	36,06,700	33,40,421	16,15,628	49,56,049

(റോഡ്)				
മെയിന്റനൻസ്ഗ്രാന്റ് (നോൺറോഡ്)	12,87000	11,85,267	-	11,85,267
ധനകാര്യക്കമ്മീഷൻ ഗ്രാന്റ്	4685000	794972	-	794972
വികസനഫണ്ട് (ജനറൽ)	77,33,882	667684	-	667684
ആകെ	1,73,12,582	5988344	1615628	76,03,972

2-2 രസീതുകൾ ക്രമപ്രകാരം ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നില്ല

2018-19 വർഷം ഔട്ട് ഡോർ കളക്ഷനായി ഉപയോഗിച്ച രസീത് ബുക്ക് നം. 5607, 5617 എന്നിവയിലെ ഉപയോഗിക്കാത്ത രസീതുകൾ ക്രമപ്രകാരം ക്യാൻസൽ ചെയ്തിട്ടില്ല. അതോടൊപ്പം സാംഖ്യാ ക്യാൻസൽഡ് രസീതുകളിൽ പലതും പുനർ ഉപയോഗം സാധ്യമാകാത്ത രീതിയിൽ മാനുവൽ ആയി രസീതുകളിൽ വരച്ച് ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്റ്റേഷനറി നം.	തീയതി
1	3030177	05.05.2018
2	3030303	14.05.2018
3	3032993 മുതൽ 3033000 വരെ	23.10.2018
4	5724400	19.11.2018
5	5224703	03.12.2018
6	5725114	18.12.2018
7	5725134	18.12.2018
8	5725501	31.12.2018
9	5727375	16.03.2019

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിൻമേൽ പരാമർശിക്കപ്പെട്ട എല്ലാ രസീതുകളും ക്യാൻസൽ ചെയ്ത് ഹാജരാക്കിയിട്ടുണ്ട്. പ്രിന്റർ തകരാർ മൂലമോ മറ്റ് കാരണങ്ങൾ മൂലമോ സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്യുന്ന സന്ദർഭങ്ങളിൽ അതാത് ദിവസം തന്നെ അവ പുനർ ഉപയോഗം സാധ്യമാകാത്ത രീതിയിൽ മാനുവൽ ആയി വരച്ച് ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും, വിതരണം ചെയ്തിട്ടുള്ളതും ഉപയോഗിക്കാൻ ബാക്കിയുള്ളതുമായ രസീത് ബുക്കുകൾ സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

2-3 രസീത് ഉപയോഗത്തിലെ അപാകതകൾ

രസീത് നമ്പർ ക്രമമായി പ്രിന്റ് ചെയ്തു വന്നിട്ടുണ്ടെങ്കിലും സാംഖ്യാ സ്റ്റേഷനറി നം. 5725178 രസീത് ബുക്കുകളോടൊപ്പം ഉൾപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 6(1) ന് 18.12.2019, 19.12.2019 തീയതികളിലെ രസീതും സ്റ്റേഷനറിയും പരിശോധിച്ചതിൽ 5725178 നമ്പർ പ്രിന്റ് ചെയ്യാത്ത സ്റ്റേഷനറിയാണെന്നും ആയത് നഷ്ടപ്പെട്ടത് മനപ്പൂർവ്വമല്ലാതെയാണെന്നും അറിയിച്ചിട്ടുണ്ട്.

സ്റ്റേഷനറി നഷ്ടപ്പെടുത്തുന്നതുമൂലം രസീത് ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യത ഉള്ളതിനാൽ സെക്രട്ടറി ഈ വിഷയത്തെ ഗൗരവപൂർവ്വം കാണേണ്ടതും അപാകത ഉണ്ടാവാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്

ഔട്ട് ഡോർ കളക്ഷനുകൾ സഞ്ചയയിൽ പോസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ട്, തുക അടവാക്കിയതിന്റെ രേഖകൾ എന്നിവ പരിശോധിച്ചതിൽ രസീത് ബുക്ക് നം. 5615 രസീത് നം 31 പ്രകാരം വസ്തു നികുതി ഇനത്തിൽ സ്വീകരിച്ച 89/- രൂപ സഞ്ചയയിൽ ചേർത്ത് തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 02.08.2019-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 6(2)-ന് പ്രസ്തുത രസീത് സഞ്ചയയിൽ രേഖപ്പെടുത്താത്തതുമൂലം അടവാക്കാഞ്ഞതാണെന്നും 03.08.2019-ൽ രസീത് നം. 119050102250- പ്രകാരം തുക ഒടുക്കിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ഔട്ട് ഡോർ കളക്ഷൻ, ക്യാമ്പ് കളക്ഷൻ ഇവ സഞ്ചയയിൽ പോസ്റ്റ് ചെയ്യുമ്പോഴും തനത് ഫണ്ടിൽ അടവാക്കുമ്പോഴും ആയതിന്റെ കൃത്യത അക്കൗണ്ടന്റ് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

2-4 സമുദായസംഘടനയുടെ ഉടമസ്ഥതയിലുള്ള ഹാളുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

(1) എസ്.എൻ.ഡി.പി. ബ്രാഞ്ച് നം.133, എസ്.എൻ.ഡി.പി. ബ്രാഞ്ച് നം.3119 എന്നിവയുടെ കീഴിൽ പ്രവർത്തിക്കുന്ന ഹാളുകളിൽ വെച്ച് വിവാഹങ്ങൾ നടക്കുന്നതായി വിവാഹ രജിസ്ട്രേഷൻ അപേക്ഷകളിൽ നിന്നും വ്യക്തമായി . എന്നാൽ, ടി കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച് ഫാറം 6 സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/05.10.2019) ടി ഹാളിന് നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണന്ന് സെക്രട്ടറി മറുപടി നല്കി. എന്നാൽ, ടി കെട്ടിടത്തിന് നികുതി ഡിമാന്റ് ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ, നികുതി അസസ് ചെയ്ത് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

(2) <u>സെന്റ് ജോർജ്ജ് ചർച്ച് പാരിഷ് ഹാൾ - വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല.</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന (9-ാം വാർഡ്) സെന്റ് ജോർജ്ജ് ചർച്ച് പാരിഷ് ഹാളിന്റെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. 2018-19 വർഷത്തെ വിവാഹ രജിസ്ട്രേഷൻ അപേക്ഷകൾ പരിശോധിച്ചതിൽ, സെന്റ് ജോർജ്ജ് പാരിഷ് ഹാൾ വിവാഹം നടത്തുന്നതിനായി വാടകയ്ക്ക് നല്കുന്നുണ്ട്. എന്നാൽ, ടി ഹാളിന്റെ നികുതി ഈടാക്കാത്തതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/02.08.2019) പഞ്ചായത്തിൽ നിന്നും 19.06.2018തീയതിയിൽ ടി കെട്ടിടത്തിന് നികുതി ഒടുക്കുന്നതിന് ഫാറം 2 ൽ റിട്ടേൺ സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് വികാർ, സെന്റ് ജോർജ് ചർച്ചിന് സെക്രട്ടറി നോട്ടീസ് നല്കിയതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. ടി നോട്ടീസിന് സെന്റ് ജോർജ് ചർച്ച് വികാരി 25.06.2018ൽ സെക്രട്ടറിക്ക് നല്കിയ മറുപടിയിൽ ടി പാരീഷ് ഹാൾ 21.05.2004 ൽ A2-41/04-05 നമ്പരായി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച് 2007 ൽ പണി പൂർത്തീകരിച്ചതും 3/112-Hഎന്ന കെട്ടിട നമ്പരിൽ ഉടമസ്ഥാവകാശം ലഭിച്ചിട്ടുള്ളതുമാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ, സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താതെ ഏത് കാരണത്താലാണ് നികുതി ഒഴിവാക്കി നല്കിയതെന്ന് വ്യക്തമല്ല. ആരാധനാലയങ്ങളേയും മതപഠനശാലകളേയും മാത്രമാണ് നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ, വിവാഹം ഉൾപ്പെടെയുള്ള വിവിധ ചടങ്ങുകൾ നടത്തി വരുമാനം ഉണ്ടാക്കുന്ന ടി ഹാൾ മേൽ സൂചിപ്പിച്ച 2 വിഭാഗത്തിലും ഉൾപ്പെടുന്നില്ല. ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 02.03.2019 ൽ നടന്ന ജനറൽ കമ്മറ്റിയുടെ 4(2)- നമ്പർ തീരുമാനം, 25.06.2019 ൽ നടന്ന ജനറൽ കമ്മറ്റിയുടെ 5(2)-ാം നമ്പർ തീരുമാനം, എന്നിവ പ്രകാരം ടി പാരിഷ് ഹാളിന് നികുതി ചുമത്തേണ്ടതാണെന്ന സെക്രട്ടറിയുടെ നിർദ്ദേശം കമ്മറ്റിക്ക് ബോധ്യപ്പെട്ടതിനാൽ നികുതി ഈടാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 29.03.2019, 23.05.2019 എന്നീ തീയതികളിലും സെക്രട്ടറി ടി സ്ഥാപന ഉടമയ്ക്ക് നികുതി ഈടാക്കുവാൻ ആവശ്യമായ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കത്ത് നല്കിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി നാളിതുവരെയുള്ള കുടിശിക സഹിതം നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-5 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണയിച്ചു

ശ്രീ.സുൽഫിക്കർ എ. എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 401/B നം. കെട്ടിടം മൂന്ന് നിലകളിലായി 62.19ച.മീ. വീതം വിസ്തീർണ്ണമുള്ളതായി കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. താഴത്തെ നില വാണിജ്യാവശ്യത്തിനുള്ള കെട്ടിടമായാണ് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, മുഴുവൻ തറ വിസ്തീർണ്ണവും പാർപ്പിടാവശ്യത്തിനായിട്ടാണ് അസ്സസ് ചെയ്തിട്ടുള്ളത്. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/05.10.2019) ടി ഹാളിന് നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നല്കി. ടി കെട്ടിടങ്ങളുടെ നികുതി നിർണയിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-6 റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

2018-19 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ പഞ്ചായത്തിലുള്ള റേഷൻ കടകൾ, മാവേലി സ്റ്റോർ എന്നിവ ലൈസൻസില്ലാതെ പ്രവർത്തിച്ചുവരുന്നുതായി കാണുന്നു. ഇതു സംബന്ധിച്ചു നൽകിയ അന്വേഷണകുറിപ്പിന് (12) ന് ലഭിച്ച മറുപടിയിൽ ഈ സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. 1996-ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3-ന് അനുബന്ധമായിട്ടുള്ള പട്ടിക 1-ൽ 149-ാമത്തെ ഇനമായി റേഷൻ റീട്ടെയിൽ ഷോപ്പുകൾ, മാവേലിസ്റ്റോറുകൾ, കൺസ്യൂമർ ഷോപ്പുകൾ എന്നിവയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഈ സ്ഥാപങ്ങളിൽ നിന്നും ലൈസൻസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-7 വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽനിന്ന് വിറ്റുവരവിന്റെ അടിസ്ഥാനത്തിലല്ല ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് നൽകിയ

അന്വേഷണകുറിപ്പിന് (12) ലഭിച്ച മറുപടിയിൽ കുറവുവന്ന ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ആയതിനാൽ കുറവു വന്ന 8,000/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലൈസൻസ് ഫീ ഈടാക്കാൻ കുറവ് വന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	ഈടാക്കേണ്ടത്	ഈടാക്കിയത്	കുറവ്
1	ഇൻഡ്യൻ കോഫി ഹൗസ്	4000	1000	3000
2	ബീവറേജ്സ് കോർപ്പറേഷൻ	4000	2000	2000
3	പങ്കജ് ഹോട്ടൽ	4000	1000	3000

2-8 കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നവരുമായി കരാർ ചമക്കുന്നില്ല

2018-19 വർഷം കെട്ടിടം വാടകയ്ക്ക് എടുത്തവരിൽ നിന്ന് നിബന്ധനകൾ ഒന്നും എഴുതി ചേർക്കാതെ മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആയത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം.7 (1) ന് വരും കാലങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലേലം/വാടക കുടിശിക വരുത്തുക, വാടകയ്ക്ക് എടുക്കുന്ന വ്യക്തി മറ്റൊരാൾക്ക് ഉപയോഗത്തിനായി മറിച്ചു നൽകുക, വസ്തുവകകൾക്ക് നഷ്ടം വരുത്തുക തുടങ്ങിയ സംഗതികളിൽ പഞ്ചായത്തിന് നിയമ നടപടി സ്വീകരിക്കുന്നതിന് കരാർ ചമച്ചില്ലെങ്കിൽ സാധിക്കുകയില്ല. ആസ്തികളായിട്ടുള്ള വസ്തുവകകൾ ലേലം ചെയ്യുകയോ, വാടകയ്ക്ക് നൽകുകയോ ചെയ്യുമ്പോൾ പഞ്ചായത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കത്തക്കരീതിയിൽ കരാർ ചമയേക്കണ്ടത് അത്യന്താപേക്ഷിതമാണ്. സെക്രട്ടറി ഈ കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതും ലേലം, കരാർ നടപടികൾ ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2-9 പുതുക്കിയ ഉത്തരവ് പ്രകാരം സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപങ്ങളിൽ നിന്നും 1996-ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്ന നിയമം പുതുക്കി 31.10.2017 ൽ നിലവിൽവന്ന ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന പുതുക്കിയ ഉത്തരവിലെ സ്ലാബ് പ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ വർഷം അവസാനിക്കുന്നതിന് 30ദിവസം മുൻപും പുതിയതായി തുറക്കുന്ന സ്ഥാപനങ്ങൾ തുറക്കുന്നതിന് 30 ദിവസം മുൻപും ലൈസൻസ് എടുത്തിരിക്കേണ്ടതാണ്. ജനപ്രതിധികളുടെ സഹകരണത്തോടെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-10 സ്ഥാപങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

ലൈസൻസ് രജിസ്റ്റർ പ്രകാരം 583 ഒാളം സ്ഥാപനങ്ങൾ ലൈസൻസിന് അപേക്ഷ നൽകിയതിൽ 48 ഒാളം സ്ഥാപനങ്ങൾ (ബേക്കറികൾ, കോൾഡ് സ്റ്റോറേജുകൾ, ടെയ്ലറിംഗ് ഷോപ്പുകൾ, ഇറച്ചിവിൽപ്പനശാലകൾ, ഹാർഡ് വെയർ ഷോപ്പുകൾ, പെയിന്റു വിൽപ്പനശാലകൾ) ലൈസൻസ് എടുത്തിട്ടില്ല. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 1777 വ്യാപാരകെട്ടിടങ്ങൾ ഉണ്ട്. ഈ വിഷയം സംബന്ധിച്ചു നൽകിയ ഒാഡിറ്റ് അന്വേഷണകുറിപ്പ് (12) ന് നൽകിയ മറുപടിയിൽ എല്ലാ മുറികളിലും സ്ഥാപനങ്ങൾ പ്രവർത്തനം ഇല്ലാത്തതിനാലാണ് ലൈസൻസ് എടുക്കാത്ത സാഹചര്യം ഉള്ളത്. 1194 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. അതിനാൽ ജനപ്രതിനിധികളുടെ സഹകരണത്തോടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി നിലവിൽ പ്രവർത്തനമുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-11 ഓഡിറ്റ് നിർദ്ദേശാനുസരണം പിഴപ്പലിശ ഈടാക്കി

2018-19 കാലയളവിൽ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി ലേല തുക സമയബന്ധിതമായി അടവാക്കാത്ത ചുവടെ ചേർക്കുന്നവരിൽ നിന്ന് പിഴപലിശ ഈടാക്കിയിരുന്നില്ല.

ക്രമ നം	ലേലം കൊണ്ടയാൾ	സ്ഥാപനം	ലേല തുക	കുടിശ്ശിക വിവരങ്ങൾ	ഈടാക്കേണ്ടിയിരുന്ന പിഴപലിശ (@12%)
1	സുബൈർ കോയ, വേഴവേലിൽ	സൂപ്പർ സ്പെഷ്യാലിറ്റി ഫിഷ് മാർക്കറ്റ്	60,700	10.03.2018 മുതൽ നാല് തുല്യ ഗഡുക്കളായി ഡിസംബർ 2018 ന് മുമ്പായി അടവാക്കേണ്ട 30700/- രൂപ അടവാക്കിയിരിക്കുന്നത് 20.02.2018- ൽ	1535
2	ഷഫീക്ക്, കുറുപ്പം പറമ്പിൽ	പഞ്ചായത്ത് വക അറവ് ശാല	5,50,000	ഡിസംബർ 2018 ന് ശേഷം കുടിശികയായി വന്ന 12,500/- രൂപ അടച്ചിരിക്കുന്നത് 29.03.2019- ൽ	375
	ആകെ				1910

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം.7 (2) ന് മറുപടിയായി ശ്രീ. സുബൈർ കോയ, വേഴവേലിൽ 08.08.2019 -ലെ രസീത് നം 119055102332 പ്രകാരം 1535/- രൂപയും, ശ്രീ. ഷഫീക്ക്, കുറുപ്പംപറമ്പിൽ 08.082019- ലെ രസീത് നം. 119050102333 പ്രകാരം 375/- രൂപയും അടവാക്കിയതിന്റെ രേഖകൾ സഹിതം മറുപടി നൽകിയിട്ടുണ്ട്. ലേലം, വാടക ഇനങ്ങളിൽ കരാർ വ്യവസ്ഥകൾ പാലിച്ചാണ് തുക ഈടാക്കുന്നതെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

2-12 ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനുള്ള സാദ്ധ്യത പരിഗണിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166, 177, 254 വകുപ്പുകൾ പ്രകാരവും 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും ചട്ടങ്ങളും) പ്രകാരവുമുള്ള ദുരിതാശ്വാസനിധി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജീവിയ്ക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതഘട്ടങ്ങളിൽ അടിയന്തിരസഹായം നൽകുന്നതിനാണ് ഓരോ ഗ്രാമപഞ്ചായത്തും, ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിയ്ക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നത്.

ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ലാത്തതിന്റെ കാരണം രേഖാമൂലം ആവശ്യപ്പെട്ടിരുന്നതിന് (എൻക്വയറി നമ്പർ- 17) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. നിർദ്ധനരായ ജനങ്ങൾ വളരെ കൂടുതലുള്ള ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ലാത്തത് കാരണം പ്രകൃതിദുരന്തം, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിയ്ക്കുന്നവർക്ക് ആശ്വാസമേകാനായില്ല. പ്രളയം വളരെ പ്രതികൂലമായി ബാധിച്ച ഗ്രാമപഞ്ചായത്തെന്ന നിലയിൽ ദുരിതാശ്വാസനിധി രൂപീകരണം പ്രാധാന്യമർഹിക്കുന്നു. വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും ദുരിതാശ്വാസനിധി രൂപീകരിയ്ക്കുന്നതിനാവശ്യമായ ധനം സ്വരൂപിയ്ക്കാവുന്നതാണ്.

ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും ആയതിലേക്ക് ഫണ്ട് സ്വരൂപിക്കുന്നതിനും തുക പാവപ്പെട്ട ജനങ്ങൾക്ക് ഉപകാരപ്രദമായി വിനിയോഗിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

2-13 ഇ ടെൻഡർ - ടെൻഡർഫീസ് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല.

5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കി വരുന്നത്. പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 2018-19 വർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നതും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നമ്പർ/പേര്	ലഭിച്ച ടെൻഡറുകളുടെ എണ്ണം	ടെൻഡർ ഫീസ് നിരക്ക് (ജി.എസ്.ടി ഉൾപ്പെടെ)	ആകെ ഫീസ്

1	റീടാറിംഗ് ഓഫ് പുണ്ടരീകപുരം റോഡ് റീടാറിംഗ്	1	1120	1120
2	ടാറിംഗ് ഓഫ് തലപ്പാറ കുമരക്കോട്ട് റോഡ്	2	1344	2688
3	പൊതി തൃക്കരായിക്കുളം റോഡ് ടാറിംഗ്	2	1344	2688
4	എട്ടടി തുരുത്തി മാപ്പിളപ്പറമ്പ് റോഡ് ടാറിംഗ്	2	1456	2912
5	124-ാം നമ്പർ അങ്കനവാടിക്ക് കെട്ടിടനിർമ്മാണം	2	2128	4256
6	**മാർക്കറ്റ് നവീകരണം**	2	2000	**4000**
7	പൊതുശൗചാലയം നിർമ്മിക്കൽ	2	2800	5600
	ആകെ			23264

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ തലയോലപ്പറമ്പ് ശാഖയിൽ കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നം-38041763350). ടെൻഡർ ഫീ ഇനത്തിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള തുക കൂടാതെ മുൻവർഷങ്ങളിലേതുൾപ്പെടെ ലഭിക്കുവാനുള്ള തുകയും കണക്കാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി. ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കേണ്ടതുമാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 യാത്രാബത്ത അധിക നിരകക്കിൽ അനുവദിച്ചു.

കെ. എസ്.ആർ വാല്യം 1, പാർട്ട് II, ചട്ടം 110 പ്രകാരം ഔദ്യോഗിക വാഹന യാത്രകൾക്ക് ആകസ്മിക ചെലവുകൾക്ക് മാത്രമാണ് അർഹത. കുറഞ്ഞ ആകസ്മിക ചെലവ് അര ദിന ബത്തയാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ ഡ്രൈവറായ ശ്രീ.ജിജി പ്രസന്നന് ഒരു യാത്രയ്ക്ക് മുഴുവൻ തുകയും ദിന ബത്തയായി നല്കി. ഇപ്രകാരം 04/17 മുതൽ 09/18 വരെയുള്ള കാലയളവിൽ നടത്തിയിട്ടുള്ള യാത്രകൾക്കായി ആകെ 15,000/- രൂപ അധികം അനുവദിച്ചുനൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

തീയതി	കൈപ്പറ്റിയ തുക	അർഹതയുള്ള ഡി.എ	അധികം നല്കിയ ഡി.എ
01.04.2017	250	125	125
03.04.2017	250	125	125
22.04.2017	250	125	125
26.04.2017	250	125	125
28.04.2017	250	125	125
04.05.2017	250	125	125

08.05.2017	250	125	125
18.05.2017	250	125	125
20.05.2017	250	125	125
26.05.2017	250	125	125
27.05.2017	250	125	125
29.05.2017	250	125	125
02.06.2017	250	125	125
09.06.2017	250	125	125
13.06.2017	250	125	125
18.06.2017	250	125	125
28.06.2017	250	125	125
29.06.2017	250	125	125
30.06.2017	250	125	125
04.07.2017	250	125	125
05.07.2017	250	125	125
11.07.2017	250	125	125
14.07.2017	250	125	125
22.07.2017	250	125	125
25.07.2017	250	125	125
27.07.2017	250	125	125
01.08.2017	250	125	125
02.08.2017	250	125	125
04.08.2017	250	125	125
05.08.2017	250	125	125
23.08.2017	250	125	125
24.08.2017	250	125	125
30.08.2017	250	125	125
13.09.2017	250	125	125

15.09.2019	250	125	125
18.09.2017	250	125	125
19.09.2017	250	125	125
20.09.2017	250	125	125
25.09.2017	250	125	125
28.09.2017	250	125	125
03.10.2017	250	125	125
04.10.2017	250	125	125
13.10.2017	250	125	125
21.10.2017	250	125	125
22.10.2017	250	125	125
23.10.2017	250	125	125
25.10.2017	250	125	125
02.11.2017	250	125	125
06.11.2017	250	125	125
09.11.2017	250	125	125
13.11.2017	250	125	125
21.11.2017	250	125	125
30.11.2017	250	1251	125
05.12.2017	250	125	125
13.12.2017	250	125	125
19.12.2017	250	125	125
20.12.2017	250	125	125
26.12.2017	250	125	125
28.12.2017	250	125	125
30.12.2017	250	125	125
10.01.2018	250	125	125
11.01.2018	250	125	125

12.01.2018	250	125	125
15.01.2018	250	125	125
19.01.2018	250	125	125
20.01.2018	250	125	125
31.01.2018	250	125	125
05.02.2018	250	125	125
06.02.2018	250	125	125
07.02.2018	250	125	125
12.02.2018	250	125	125
18.02.2018	250	125	125
19.02.2018	250	125	125
24.02.2018	250	125	125
27.02.2018	250	125	125
05.03.2018	250	125	125
06.03.2018	250	125	125
08.03.2018	250	125	125
12.03.2018	250	125	125
14.03.2018	250	125	125
23.03.2018	250	125	125
27.03.2018	250	125	125
03.04.2018	250	125	125
05.04.2018	250	125	125
06.04.2018	250	125	125
20.04.2018	250	125	125
21.04.2018	250	125	125
25.04.2018	250	125	125
27.04.2018	250	125	125
02.05.2018	250	125	125

04.05.2018	250	125	125
05.05.2018	250	125	125
10.05.2018	250	125	125
11.05.2018	250	125	125
15.05.2018	250	125	125
23.05.2018	250	125	125
02.06.2018	250	125	125
04.06.2018	250	125	125
05.06.2018	250	125	125
07.06.2018	250	125	125
08.06.208	250	125	125
11.06.2018	250	125	125
14.06.2018	250	125	125
05.07.2018	250	125	125
12.07.2018	250	125	125
20.07.2018	250	125	125
24.07.2018	250	125	125
27.07.2018	250	125	125
31.07.2018	250	125	125
02.08.2018	250	125	125
03.08.2018	250	125	125
04.08.2018	250	125	125
23.08.2018	250	125	125
31.08.2018	250	125	125
05.09.2018	250	125	125
15.09.2018	250	125	125
18.09.2018	250	125	125

19.09.2018	250	125	125
26.09.2018	250	125	125
29.09.2018	250	125	125
ആകെ			15000

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/07.08.2019) ആയത് സോഫ്റ്റ്‌വെയറിലെ പിഴവ് മൂലം സംഭവിച്ചതാണെന്നും അധികം കൈപ്പറ്റിയ തുക ടി ജീവനക്കാരനിൽ നിന്നും ഈടാക്കുന്നതാണെന്നും സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. അധികം നല്കിയ 15000/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

3-2 ബസ് ടെർമിനൽ കോംപ്ലക്സ് കം പഞ്ചായത്ത് ഭവന നിർമ്മാണം - 10 വർഷത്തിനുമുൻപ് നടപടിക്രമങ്ങളാരംഭിച്ചുവെങ്കിലും നാളിതുവരെ ലക്ഷ്യം സാക്ഷാത്കരിക്കാനായിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും നിലവിൽ തലയോലപ്പറമ്പ് ബസ്സ്റ്റാന്റ് സ്ഥിതിചെയ്യുന്നതുമായ സ്ഥലത്ത് ബസ് ടെർമിനൽ, ഷോപ്പിംഗ് കോംപ്ലക്സ്, പഞ്ചായത്ത് ഓഫീസ് എന്നിവ ഉൾപ്പെടുത്തിയുള്ള കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ 2008-09 വർഷം ഗ്രാമപഞ്ചായത്ത് ആരംഭിച്ചിരുന്നു. ഇതിന്റെ ഭാഗമായി ബി.ഓ.റ്റി വ്യവസ്ഥയിൽ പ്രോജക്ട് നടപ്പാക്കുന്നതിനും ഫീസിബിലിറ്റി റിപ്പോർട്ട്, ബിഡ് കൺസഷൻ എഗ്രിമെന്റ് എന്നിവ തയ്യാറാക്കുന്നതിന് ICICI- KINFRA LTD എന്ന സ്ഥാപനത്തെ നിയമിക്കുന്നതിനും പഞ്ചായത്ത്കമ്മിറ്റി തീരുമാനമെടുത്തു. (28-11-08- ലെ III (2)നമ്പർ തീരുമാനം). ആയതിന്റെ അടിസ്ഥാനത്തിൽ 10-12-2008-ൽ സ്ഥാപനവുമായി കരാർവയ്ക്കുകയും ചെയ്തു. കരാറനുസരിച്ച് സ്ഥാപനം വിശദമായ പ്രോജക്ട് റിപ്പോർട്ട്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കി നൽകുകയും പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി നിർമ്മാണപ്രവർത്തനത്തിനുവേണ്ടി ഇൻവെസ്റ്റ്മന്റ് പ്രോപ്പോസലുകൾ ക്ഷണിക്കുകയും ചെയ്തു. ലഭ്യമായ പ്രൊപ്പോസലുകളിൽ M/S CIUDAD Build Pvt Ltd എന്ന സ്ഥാപനത്തിന്റെ പ്രൊപ്പോസൽ നെഗോസിയേഷൻ നടപടികളിലൂടെ അംഗീകരിക്കുകയും നിർമ്മിക്കപ്പെടുന്ന കെട്ടിടസമുച്ചയം 39 വർഷവും 11 മാസവും സ്ഥാപനത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിപ്പിക്കുക എന്ന വ്യവസ്ഥയിൽ സ്ഥാപനവുമായി വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ വയ്ക്കുകയും ചെയ്തിരുന്നു. പ്രോജക്ട് പ്രോപ്പസലിന് ജി.ഒ.(എം.എസ്) 244/09/എൽ.എസ്.ജി.ഡി /11-12-2009 നമ്പർ ഉത്തരവുപ്രകാരം സർക്കാരിന്റെ അംഗീകാരവും ലഭിച്ചിരുന്നു.

എന്നാൽ നിർമ്മാണപ്രവർത്തനം നടത്തേണ്ട സ്ഥലത്തിന് അവകാശവാദം ഉന്നയിച്ച് ചില വ്യക്തികൾ പഞ്ചായത്തിന്റെ നടപടികളെ ചോദ്യം ചെയ്യുകയും പഞ്ചായത്തിനെതിരെ കോടതിയിൽ കേസുകൾ ഫയൽചെയ്യുകയും ചെയ്തു. ഇതിനെതുടർന്ന് ഈ വിഷയവുമായി ബന്ധപ്പെട്ടുള്ള വിവിധ കേസുകളുടെ കോടതിനടപടികൾ തുടർന്നുപോന്നതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ വർഷങ്ങളോളം തടസ്സപ്പെടുകയാണുണ്ടായത്. ഓംബുഡ്സ്മാൻ, ഹൈക്കോടതി, ലോകായുക്ത തുടങ്ങിയ നീതിന്യായകേന്ദ്രങ്ങളിൽ ഉടമസ്ഥാവകാശത്തർക്കം ഉൾപ്പെടെ ഇപ്രകാരം ഫയൽ ചെയ്യപ്പെട്ട ഏകദേശം ഇരുപതിനോടടുത്ത് കേസുകളിൽ രണ്ടെണ്ണം ഒഴികെയുള്ള എല്ലാ കേസുകളും ഇതിനോടകം തീർപ്പായിട്ടുണ്ട്. തീർപ്പായിട്ടുള്ള കേസുകളിലെല്ലാം പഞ്ചായത്തിനനുകൂലമായി വിധിയുണ്ടായിട്ടുള്ളതും ആയതനുസരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതുമാണ്. നിലവിലും നിർമ്മാണപ്രവർത്തനങ്ങൾ തുടരുന്നതായി സ്ഥലപരിശോധനയിൽ ബോധ്യമായിട്ടുണ്ട്.

എന്നിരുന്നാലും ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന കേസുകൾ ഇനിയും തീർപ്പാകാനവശേഷിക്കുന്നുണ്ട്.

ക്രമ നം	കേസ് നമ്പർ	കോടതി	ഫയൽ ചെയ്ത ആളുടെ പേര്	റിമാർക്സ്
1)	O.P.NO – 991 / 2016	എൽ.എസ്.ജി.ഡി. ഓംബുഡ്സ്മാൻ	ജോസ് ജേക്കബ്	കേസ് തീർപ്പായിട്ടില്ല. കോടതി പരിഗണനയിലാണ്
2)	O.P.NO - 1442/2013	,,	പട്ടികജാതി ക്ഷേമസമിതി	,,

നിരവധി കച്ചവട/വ്യവസായസ്ഥാപനങ്ങൾ, മാർക്കറ്റ്, ഹോസ്പിറ്റലുകൾ, സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമായി പ്രവർത്തിക്കുന്ന അനേകം സ്ഥാപനങ്ങൾ, 4 സിനിമാതീയേറ്ററുകൾ

മുതലായവ ഉൾപ്പെടെ ഒരുനഗരസഭാപ്രദേശത്തിന് സമാനമായ ചുമതലാബാഹുല്യവും ജനത്തിരക്കുമുള്ള ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് പ്രവർത്തിക്കുന്നതിന് വളരെ പരിമിതമായ ഭൗതികസാഹചര്യം മാത്രമാണുള്ളത്. പ്രാഥമികാവശ്യങ്ങൾക്കുള്ള അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിലും ഇതേ അവസ്ഥയാണുള്ളത്. ഇതുമൂലം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിലെത്തുന്ന പൊതുജനങ്ങൾക്കും ഔദ്യോഗികകാര്യങ്ങളുമായി ബന്ധപ്പെട്ട് എത്തുന്ന മറ്റ് ഉദ്യോഗസ്ഥർക്കും ഓഫീസ് ജീവനക്കാർക്കും വളരെയേറെ ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

മേൽസാഹചര്യത്തിൽ കോടതി നിർദ്ദേശങ്ങൾക്ക് വിധേയമായി നിലവിലുള്ള കേസുകളുടെ തുടർനടപടികളിൽ സജീവമായി ഇടപെടേണ്ടതും നിലവിലെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിച്ച് പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനും ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ആത്മാർത്ഥമായ ശ്രമം ഉണ്ടാകേണ്ടതാണ്.

3-3 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 15.19 ലക്ഷം രൂപയുടെ ചെലവ് - ചെലവ് തുകയുടെ നിജസ്ഥിതി ബോധ്യമായിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 270 ടാപ്പുകൾക്ക് പ്രതിമാസം 1,18,125/- രൂപ വീതം (ഒരു ടാപ്പിന് പ്രതിവർഷം 5250/- രൂപ) വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നുണ്ട്. അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് തുക അടവാക്കിപ്പോരുന്നത്. 2018-19 വർഷം വാർഷിക കണക്കുപ്രകാരം വാട്ടർ ചാർജിനത്തിൽ ആകെ 15.19ലക്ഷം രൂപയോളം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ജനറൽ പർപ്പസ് ഗ്രാന്റിന്റെ 9 മുതൽ 12 വരെയുള്ള ഗഡുക്കളിൽ നിന്നായി 2,30,878/-രൂപയും മുൻകുടിശ്ശികയിനത്തിൽ കിഴിവുചെയ്തിട്ടുമുണ്ട്. എന്നാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം, മുൻകുടിശ്ശിക എന്നിവ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ കൈവശം കണക്കുകളില്ല. വെള്ളക്കരം സംബന്ധിച്ച ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനും ബോധ്യമായിട്ടില്ല. പഞ്ചായത്ത് ഓഫീസിലേക്കുള്ള കണക്ഷന്റെ ((Tlp 300N) മീറ്റർ കേടായ സാഹചര്യത്തിൽ ദീർഘനാളുകളോളം വാട്ടർ അതോറിറ്റി വൈക്കം ഡിവിഷനിൽ അടവാക്കേണ്ട തുക അടവാക്കാതിരുന്നതിനാൽ 11/2018 വരെയുള്ള കുടിശ്ശികയിനത്തിൽ 49,231/-രൂപ കുടിശ്ശികയുണ്ടെന്നും ആയത് അടവാക്കണമെന്നും വാട്ടർ അതോറിറ്റിയിൽനിന്നും അറിയിക്കുകയും 2 തവണയായി തുക അടവാക്കുകയും ചെയ്തു. ഇതിനുപുറമേ തൻവർഷം അധികമായി 25 ടാപ്പുകളുടെ വെള്ളക്കരം കൂടി ഉൾപ്പെടുത്തി 12/2018 മുതൽ പ്രതിമാസ ഡിമാന്റ് തുക വർദ്ധിപ്പിച്ചിട്ടുമുണ്ട്. എന്നാൽ ഓരോ മാസവും ഇതിനായി ചെലവഴിക്കുന്ന തുക ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതല്ലാതെ വെള്ളക്കരം സംബന്ധിച്ച് പ്രത്യേക ഫയൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഓരോ വർഷവും പതിനഞ്ച് ലക്ഷത്തോളം രൂപ വാട്ടർചാർജിനത്തിൽ ചെലവഴിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം, പ്രസ്തുത ടാപ്പുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത് എന്നിവ സംബന്ധിച്ച കണക്കുകൾ ഗ്രാമപഞ്ചായത്തിലില്ല. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളുടെ വിവരം ശേഖരിക്കുന്നതിനും പൊതുജനങ്ങൾക്ക് ഉപകരിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും വാട്ടർ അതോറ്റിയുമായി ചേർന്ന് പരിശോധന നടത്തുന്നതിന് അതാത് വാർഡ് മെമ്പർമാരെയും പരിശോധനയുടെ വിവരം വാട്ടർ അതോറിറ്റി അധികൃതരെ അറിയിക്കുന്നതിന് സെക്രട്ടറിയെയും ചുമതലപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നുവെങ്കിലും (23-1-19-ലെ തീരുമാനം 9/1) നാളിതുവരെ ആയത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ജി.ഒ(ആർ.ടി)നം.1501/2006/തസ്വഭവ/23.6.2006 മാർഗ്ഗരേഖയിൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനവും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. 28.09.2011ലെ ജി.ഒ(ആർ.ടി)2242/2011/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കൃത്യമല്ല. ആയതിനാൽ സംയുക്ത പരിശോധനയിലൂടെ നിലവിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി വെള്ളക്കരമിനത്തിലുള്ള ചെലവിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതും വാട്ടർ ചാർജ് സംബന്ധിച്ച പ്രത്യേക ഫയൽ സൂക്ഷിക്കേണ്ടതുമാണ്.

3-4 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ.

1) ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകി.

പ്രോജക്ട് നമ്പർ-115/19

പ്രോജക്ടിന്റെ പേര്-വയോജനങ്ങൾക്ക് കട്ടിൽ

ചെലവ്-430599(വികസനഫണ്ട്)

ബിൽ നമ്പർ 36/19 12.3.19

ആർട്ട്കോ, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും 99 കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട് (ഇൻവോയ്സ് നമ്പർ കെടിഎം/161/25.2.19, കെടിഎം/140/6.2.19) . എന്നാൽ കട്ടിൽ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന വ്യക്തികൾ ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തതായി കാണുന്നു.

ശാരദ,കീഴ്പാടം	വാർഡ് 2
അമ്മിണി,കലയത്തുംകുന്ന്	വാർഡ്-6
ഗൗരി കാലായിൽ	വാർഡ്-11
രാജപ്പൻ,പുതിയതുറയിൽ	വാർഡ്-14

അടുത്ത ഗ്രാമസഭയിൽ വെച്ച് അംഗീകരിച്ചശേഷം വിവരം ഓഡിറ്റിൽ അറിയിക്കാമെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടി. അപാകത പരിഹരിക്കുന്നതിലേക്കായി 17396/- രൂപയുടെ (4349 രൂപ വീതം 4 പേർക്ക്) ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2) പഠനമുറി-പൂർത്തിയാക്കിയില്ല.

പ്രോജക്ട് നമ്പർ -128/19

ചെലവ് – 895620(വികസനഫണ്ട്)

ബിൽ നമ്പർ 12/19 10.12.18 – 50000/- രൂപ

പഠനമുറി നിർമ്മാണത്തിനായി തൻവർഷം 50000/- രൂപ ശ്രീമതി പ്രഭ സുധൻ, കുഴിയന്തടത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പഠനമുറി പൂർത്തിയാക്കിയില്ല. ടിയാരിയുടെ പഠനമുറിയുടെ നിർമ്മാണം പുരോഗമിക്കുകയാണെന്നും പൂർത്തിയാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കാമെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടി. അപാകതകൾ പരിഹരിക്കുന്നതിലേക്കായി 50000/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

3-5 വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് - കരാർവച്ച് 7 മാസങ്ങൾ കഴിഞ്ഞിട്ടും കരാറുകാർ പ്രവൃത്തിസ്ഥലം ഏറ്റുവാങ്ങിയിട്ടില്ല

വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് പ്രവൃത്തികൾക്കായി 2018-19 വാർഷികപദ്ധതിയിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിരുന്നുവെങ്കിലും നാളിതുവരെ പ്രവൃത്തികളൊന്നും നടപ്പായിട്ടില്ല. തെരഞ്ഞെടുക്കപ്പെട്ട കരാറുകാരുമായി കരാർ ചമച്ച് മാസങ്ങൾ കഴിഞ്ഞിട്ടും കരാറുകാർ പ്രവൃത്തിസ്ഥലം ഏറ്റുവാങ്ങിയിട്ടില്ല. പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	അടങ്കൽ തുക	കരാറുകാരൻ	എഗ്രിമെന്റ് തീയതി
108/18-19 127-ാം നമ്പർ അങ്കണവാടി മെയിന്റനൻസ്	250000/-	എം.വി.ചാക്കോ	9-11-18
98/18-19 122-ാം നമ്പർ അങ്കണവാടി	150000/-	ബാബു.ഒ.എം	9-11-18
94/18-19 125-ാം നമ്പർ അങ്കണവാടി	350000/-	കെ.ഡി.ദേവരാജൻ	19-11-18
104/18-19 129-ാം നമ്പർ അങ്കണവാടി മെയിന്റനൻസ്	250000/-	ലിജോ ഇമാനുവൽ	21-11-18

മേൽപ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ കരാറുടമ്പടിയിലെ 6-ാം നമ്പർ വ്യവസ്ഥപ്രകാരം കരാറുടമ്പടി വച്ച് 13 ദിവസങ്ങൾക്കുള്ളിൽ കരാറുകാരൻ പ്രവൃത്തി നടത്തുന്നതിനായി സ്ഥലം ഏറ്റുവാങ്ങേണ്ടതും സ്ഥലം ഏറ്റുവാങ്ങി 10 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. തുടർന്ന് കരാറുടമ്പടിയുടെ ഭാഗമായി വച്ചിട്ടുള്ള പ്രവർത്തനകലണ്ടർ പ്രകാരം നിശ്ചിതസമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. മാത്രമല്ല കരാറുടമ്പടിപ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം

നോട്ടീസ് അയച്ച് 14 ദിവസങ്ങൾക്കുശേഷം കരാർ റദ്ദാക്കേണ്ടതാണെന്ന് 8-ാം വ്യവസ്ഥയിലും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽപ്രോജക്ടുകളുടെ കാര്യത്തിൽ കരാറിലെ വ്യവസ്ഥകളൊന്നും പാലിച്ചിട്ടില്ല. മാത്രമല്ല കരാറിൽ നിർവ്വഹണോദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തിയിട്ടുമില്ല. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ, കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖ ഇ.എം.ഡി/സെക്യൂരിറ്റി നിക്ഷേപം അടവാക്കിയതിന്റെ വിവരം മുതലായ അടിസ്ഥാനവിവരങ്ങൾ പോലും ഫയലിൽ ലഭ്യമല്ല.

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.16) നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയില്ല. നിയമങ്ങളും ചട്ടങ്ങളും കരാർ വ്യവസ്ഥകളും പാലിക്കാതെയുള്ള പദ്ധതിനിർവ്വഹണം മൂലം ഓരോ വാർഷികപദ്ധതിയിലും ആവിഷ്ക്കരിക്കുന്ന പ്രോജക്ടുകൾ യഥാസമയം നടപ്പാകാതെ ഫണ്ട് നഷ്ടപ്പെടുന്നു. മാത്രമല്ല കരാർവ്യവസ്ഥകൾ ലംഘിക്കുന്ന കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കാത്തതിനാൽ കരാർലംഘനം ഓരോ വാർഷികപദ്ധതിയിലും തുടരുന്നതായും കാണുന്നു. ഗ്രാമപഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത സാഹചര്യം കർശനമായും ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടേയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

3-6 പാലിയേറ്റീവ് കെയർ - ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തില്ല.

പ്രോജക്ട് നമ്പർ-116/19

പ്രോജക്ടിന്റെ പേര്-സാന്ത്വനം പാലിയേറ്റീവ് കെയർ

ചെലവ് -4,43,804(വികസനഫണ്ട്)

1,00,000(ബ്ളോക്ക് ഷെയർ)

മേൽ പ്രോജക്ടിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നമ്പർ/ തീയതി	തുക	വാങ്ങിയ ഉപകരണങ്ങൾ	ഇൻവോയ്സ് നമ്പർ/ തീയതി
10/19 27.3.19	119672	ഡയപ്പർ അഡൾട്ട് (m) 4000 എണ്ണം,എയർ ബെഡ് 10 എണ്ണം, ബി.പി മെഷീൻ, ബാക്ക് റെസ്റ്റ് -2, യുറി കോണ്ട്- 40, ഹോട്ട് വാട്ടർ ബാഗ്-2, സ്റ്റെതസ്കോപ്പ്, വാക്കിംഗ് സ്റ്റിക്ക്-5, ക്രച്ചസ്-2, വാട്ടർ ബെഡ്-5	പി.ആർ.എഫ്5608/23.3.19
11/19 28.3.19	2867	knee cap-15, ബാൻഡേജ്-15	പി.ആർ.എഫ്5804/27.3.19

മേൽ സൂചിപ്പിച്ച ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യാത്തതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഉപകരണങ്ങൾ ലഭ്യമായിട്ടില്ലെന്നാണ് മറുപടി നൽകിയത്. അപാകത പരിഹരിക്കുന്നതിലേക്കായി 1,22,539/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-7 കെട്ടിടനിർമ്മാണം പൂർത്തിയായിട്ടും അങ്കണവാടിയുടെ പ്രവർത്തനം വാടകക്കെട്ടിടത്തിൽ

പ്രോജക്ട് നം.	172/18-19 (190/17-18)
അടങ്കൽ	1000000/-
ചെലവ്	9,22,584
വൗച്ചർ നമ്പർ	1381132/28-3-19
കരാർ നമ്പർ	59/AE/LSGD/TLP/17-18/23-1-18
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എൻജിനീയർ

5-ാം വാർഡിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന 124-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ആവിഷ്ക്കരിച്ച മേൽപ്രോജക്ട് പ്രകാരം കെട്ടിട നിർമ്മാണം 23-3-19-ൽ പൂർത്തീകരിക്കുകയും വേലമൂല്യം 9,22,584/-രൂപയെന്ന് തിട്ടപ്പെടുത്തി നിയമാനുസൃത നികുതി റിക്കവറികൾ കിഴിച്ച് 8,85,680/-രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തു. കെട്ടിടംപണി പൂർത്തീകരിച്ചെങ്കിലും അങ്കണവാടി നിലവിലും വാടകക്കെട്ടിടത്തിൽത്തന്നെയാണ് പ്രവർത്തിക്കുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ

പ്രോജക്ടിന്റെ ഒറിജിനൽ എസ്റ്റിമേറ്റിലെ 52-ാമത്തെ ഇനമായ സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ പ്രവൃത്തി റിവൈസ്ഡ് എസ്റ്റിമേറ്റിൽ 'Not Necessary' എന്ന് രേഖപ്പെടുത്തി നടപ്പാക്കിയിട്ടില്ലാത്തതായും കണ്ടു. എന്നാൽ ടോയ്‌ലറ്റ് നിർമ്മാണം, ക്ലോസറ്റ് സ്ഥാപിക്കൽ (ഇനം -33) എന്നീ പ്രവൃത്തികൾ നടപ്പാക്കിയിട്ടുമുണ്ട്. പ്രധാന ഇനമായ സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ ഒഴിവാക്കിയതിന്റെ കാരണവും ടി പ്രവൃത്തി നടപ്പാക്കാതെ ഇതുമായി ബന്ധപ്പെട്ട മറ്റ് ഇനങ്ങൾ നടപ്പാക്കാനുണ്ടായ സാഹചര്യവും ഫയലിൽനിന്നും വ്യക്തമല്ല.

മേൽ അപാകത സംബന്ധിച്ചും, നാളിതുവരെയായിട്ടും പുതുതായി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിൽ അങ്കണവാടി പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം സംബന്ധിച്ചും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം - 4) ലഭ്യമാക്കിയ മറുപടിയിൽ അങ്കണവാടി സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഉണ്ടായിരുന്ന കിണർ കുട്ടികൾക്ക് അപകടസാധ്യത ഉണ്ടാക്കുമെന്ന് മനസിലാക്കിയതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള പ്രവൃത്തി ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നുവെന്നും കൂടാതെ മെയിന്റോഡ്സൈഡിൽ ആയതിനാൽ ചുറ്റുമതിൽ ഇല്ലാത്തതിനാൽ കുട്ടികളുടെ സുരക്ഷയെ ബാധിക്കുമെന്നുള്ളതിനാലുമാണ് അങ്കണവാടി പ്രവർത്തനമാരംഭിക്കാതിരുന്നതെന്ന് വിശദീകരിക്കുകയുണ്ടായി. സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്ന പ്രവൃത്തി ഒഴിവാക്കിയത് സംബന്ധിച്ച് പ്രവൃത്തിസ്ഥലത്ത് കിണർ ഉണ്ടായിരുന്നതിനാൽ അവിടെ ടാങ്ക് പണിയുന്നത് ഒഴിവാക്കുകയും എന്നാൽ അടുത്ത വീട്ടുകാർ സമ്മതം അറിയിച്ചതനുസരിച്ച് അവരുടെ സ്ഥലത്ത് ടാങ്ക് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നതായും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് അവർ എതിർത്തതുകൊണ്ടാണ് ടാങ്ക് നിർമ്മാണം ഒഴിവാക്കിയതെന്നും ചുറ്റുമതിൽ കെട്ടുന്നതിന് 2019-20-ൽ പ്രോജക്ട് വച്ചിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എക്സിറ്റ് മീറ്റിംഗിൽ വിഷയം അവതരിപ്പിച്ചെങ്കിലും മറുപടി ലഭിച്ചില്ല.

പദ്ധതി ആസൂത്രണത്തിലും രൂപീകരണത്തിലും ഉണ്ടായ പിഴവാണ് ഇത്തരമൊരു സാഹചര്യത്തിനിടയായതെന്ന് മേൽവിശദീകരണത്തിൽനിന്നും വ്യക്തമാകുന്നു. മാത്രമല്ല ചുറ്റുമതിൽ കെട്ടുന്നതിന് 2019-20പദ്ധതിയിൽ പ്രോജക്ട് ആവിഷ്ക്കരിച്ചിട്ടുമില്ല. സ്ഥലപരിശോധനയിലൂടെ സൈറ്റ് കണ്ടീഷൻ ബോധ്യപ്പെട്ട് അങ്കണവാടികെട്ടിടത്തിന് ഉണ്ടായിരിക്കേണ്ട അടിസ്ഥാനസൗകര്യങ്ങളും കുട്ടികളുടെ സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പ്രവൃത്തി ഇനങ്ങൾ ഉൾപ്പെടുത്തി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാതിരുന്നത് ശരിയായ നടപടിയല്ല. പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ ഇതിനുവേണ്ടിയുള്ള 9,22,584/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽ സാഹചര്യത്തിൽ ഏകദേശം പത്ത് ലക്ഷം രൂപയോളം ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ചുറ്റുമതിലും ഉണ്ടാക്കി നിശ്ചിത ആവശ്യത്തിനായി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ഇടപെടൽ ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

3-8 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല.

പ്രോജക്ട് നം. - 22/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 300000/- (വികസനഫണ്ട്)

ബിൽ നമ്പർ 22/19 22.1.19

2018-19 സാമ്പത്തിക വർഷത്തിൽ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുവാൻ മേൽ പ്രോജക്ട് പ്രകാരം 3,00,000/- രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്. നാളിതുവരെ 2,36,555/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത്. ലഭ്യമായ മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് നമ്പർ/തീയതി	തുക
90100921/31.1.19	77402
90105539/28.2.19	48926
90108428/18.3.19	34339
90111326/31.3.19	70895
90119241/29.6.19	4993
ആകെ	236555

ബാക്കി മരുന്ന് ലഭിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്, ബാക്കി മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കാമെന്നാണ്

മറുപടി ലഭ്യമാക്കിയത്. അപാകത പരിഹരിക്കുന്നതിലേക്കായി 63445/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) പ്രോജക്റ്റ് നം. -16/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ഹോമിയോ

ചെലവ് - 200000/- (വികസനഫണ്ട്)

ബിൽ നമ്പർ 3/19 15.11.18

2018-19 സാമ്പത്തികവർഷത്തിൽ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുവാൻ മേൽ പ്രോജക്ട് പ്രകാരം 2,00,000/- രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കാമെന്നാണ് മറുപടി സമർപ്പിച്ചത്. മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയതിലേക്കായി 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-9 വിനിയോഗ വിവരമില്ല-തുക തടസ്സപ്പെടുത്തുന്നു.

ചുവടെ ചേർത്തിരിക്കുന്ന വിവിധ ഡെപ്പോസിറ്റ് വർക്കുകളുടെ വിനിയോഗവിവരം നാളിതുവരെ ലഭ്യമായിട്ടില്ല. വിവിധ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പൂർത്തീകരണ വ്യവസ്ഥകൾ വ്യക്തമായി രേഖപ്പെടുത്തി കരാറിലേർപ്പെട്ടിട്ടില്ല.

പ്രോജക്റ്റ് നമ്പർ	പ്രോജക്ടിന്റെ പേര്	നിർവ്വഹണോദ്യോഗസ്ഥൻ	ചെലവ് , ഫണ്ട്	ബിൽ നമ്പർ	തുക കൈപ്പറ്റിയ ആൾ/ സ്ഥാപനം
130/19	വിവിധ വാർഡുകളിൽ (4,13)പൈപ്പ് ലൈൻ നീട്ടൽ	സെക്രട്ടറി	322000(വികസനഫണ്ട്)	16/19 27.11.18	കേരള വാട്ടർ അതോറിറ്റി
10/19	വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ	സെക്രട്ടറി	546000(വികസനഫണ്ട്)	25/19 25.3.19 28/19 263.19	കേരള വാട്ടർ അതോറിറ്റി
118/19	വിവിധ വാർഡുകളിൽ സിംഗിൾ ഫേസ് ലൈൻ വലിക്കൽ	സെക്രട്ടറി	244104(വികസനഫണ്ട്)	10/19 19.9.18	കെ.എസ്.ഇ.ബി
		ആകെ	1112104		

മേൽ സൂചിത പ്രവൃത്തികൾ ആരംഭിക്കേണ്ടതും പൂർത്തിയാക്കേണ്ടതുമായ തീയതികൾ കരാറിൽ എഴുതി ചേർത്തിട്ടില്ല. പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗവിവരം ലഭ്യമാക്കുന്നതിലേക്കായി 11,12,104/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-10 ലൈഫ് മിഷൻ പദ്ധതി ആദ്യഘട്ടം- ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല- നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

ഇ.എം.എസ് ഭവന പദ്ധതി പോലുള്ള മുൻകാല ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട് ഭവന നിർമ്മണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളെ ഭവന നിർമ്മാണം പൂർത്തിയാക്കിക്കൊള്ളാം എന്ന സമ്മതത്തോടെ ലൈഫ് മിഷൻ ആദ്യഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻകാല പദ്ധതികളിൽ നിന്നും സ്വീകരിച്ച തുകയ്ക്ക് ആനുപാതികമായി തുക നിശ്ചയിച്ച് 2017-18 വർഷം ആരംഭിച്ച് തൻവർഷം സ്പിൽ ഓവറായി നടപ്പാക്കിയ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 9 ഗുണഭോക്താക്കളിൽ 8 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ മഞ്ജു ബൈജു, പൈനപ്പള്ളിയിൽ എന്ന ഗുണഭോക്താവിന് പദ്ധതി പ്രകാരം ലഭിക്കേണ്ട തുകയായ 3,30,000/- രൂപയിൽ ആദ്യ ഗഡുവായി 2017-18 വർഷം 60,000/- രൂപ (06.02.2018 ലെ സബ് ട്രഷറി കടുത്തുരുത്തി ചെക്ക് നം. 5952037) ഫെഡറൽ ബാങ്ക് തലയോലപ്പറമ്പ് ശാഖ (FDRL0001013) അക്കൗണ്ട് നം. 10130100124646 – ലേക്ക് നൽകിയിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം ആരംഭിച്ചതായി കാണുന്നില്ല. മാത്രമല്ല ടി ഗുണഭോക്താവിനെ പദ്ധതിയിൽ നിന്നും നീക്കിയതായും കാണുന്നു. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.20 - ന് പലതവണ ടി വ്യക്തിയെ

കണ്ട് വീട് പണി ആരംഭിക്കണമെന്നും സമയബന്ധിതമായി പൂർത്തിയാക്കണമെന്നും ആവശ്യപ്പെട്ടിരുന്നെങ്കിലും ഗുണഭോക്താവ് താൽപര്യം കാണിക്കാത്തതിനാൽ ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഔദ്യോഗിക സൈറ്റായ MIS- ൽ നിന്നും നീക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും പദ്ധതിയിൽ നിന്നും നീക്കിയിട്ടില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഗഡു തുക നൽകിയതിനുശേഷം സർക്കാർ ഉത്തരവോ, കമ്മറ്റി തീരുമാനമോ പോലെയുള്ള യാതൊരു ആധികാരികതയും കൂടാതെ ഗുണഭോക്താവിനെ MIS- ൽ നിന്ന് നീക്കിയ നടപടി ക്രമപ്രകാരമുള്ളതല്ല. ആയത് സംബന്ധിച്ച് കൂടുതൽ വിശദീകരണം നൽകേണ്ടതാണ്. ടി വ്യക്തി ഭവന നിർമ്മാണവുമായി സഹകരിക്കുന്ന സാഹചര്യമില്ലെങ്കിൽ ആദ്യ ഗഡുവായി നൽകിയ തുക (60000/-രൂപ) തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് പ്രത്യേകം ക്ഷണിച്ചിക്കൊള്ളുന്നു.

3-11 ടാറിംഗ് പ്രവൃത്തികൾ - ബാരൽവില നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30-10-17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർ വീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് ധനകാര്യവകുപ്പിന്റെ 12-4-06-ലെ ജി.ഒ.(പി)177/06/ നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു.

2018-19 വർഷം ഈയിനത്തിൽ ആകെ 56,245/- രൂപ വരവ് വന്നിട്ടുണ്ട്. ആയതിൽ തനതുഫണ്ട് ഒഴികെ വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് മുതലായ സർക്കാർഫണ്ട് വിനിയോഗിച്ച് നടപ്പാക്കായിട്ടുള്ള പ്രവൃത്തികളുടെ ബില്ലിൽനിന്നും ബാരൽവില ഇനത്തിൽ ഈടാക്കിയിട്ടുള്ള തുക കണക്കാക്കി ധനകാര്യവകുപ്പിന്റെ 12-4-2006-ലെ ജി. ഒ(പി) 177/06 നമ്പർ ഉത്തരവിലെ ഖ.10.3 അനുസരിച്ച് അതേ ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

3-12 പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി

പ്രോജക്ട് നമ്പർ -14/19

ചെലവ് -550000 (വികസനഫണ്ട്)

ബിൽ നമ്പർ 2/27.12.18

ബിൽ നമ്പർ 5/12.3.19

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ടിനായി 44 കിടാരികളെ എന്റോൾ ചെയ്ത് കാലിത്തീറ്റ നൽകുന്നതിനായി 550000 രൂപ (44x12500) വികസനഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകി. തലയോലപ്പറമ്പ് ക്ഷീരോൽപ്പാദക സംഘത്തെ കാലിത്തീറ്റ വിതരണത്തിനായി തെരഞ്ഞെടുത്തു. വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ 5/19 ന് കാലിത്തീറ്റ വിതരണം ആരംഭിച്ചതായി കണ്ടു. പ്രോജക്ടിന്റെ നിർവ്വഹണ കാലാവധിക്കു ശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

3-13 സൗജന്യമായി വിട്ടുകിട്ടിയ ഭൂമി റവന്യൂരേഖകൾ പ്രകാരം പഞ്ചായത്തിന്റെ ആസ്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 3-ാം വാർഡിൽ ആയുർവേദാശുപത്രി, അങ്കണവാടി എന്നിവയ്ക്കായി വ്യക്തി വികാസ് കേന്ദ്ര സൗജന്യമായി വിട്ടുനൽകിയ ഭൂമി വാങ്ങുന്നതിലേക്കായി കരട് ആധാരത്തിലെ വ്യവസ്ഥകൾ അംഗീകരിച്ച് ആധാരം നടത്തി എടുക്കുന്നതിനും ആയതിനുള്ള തുക തനതുഫണ്ടിൽനിന്നും ചെലവഴിക്കുന്നതിനും 27-4-18-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു (അജണ്ട-5, തീരുമാനം - 1). കൂടാതെ റീബിൽഡ് കേരള പദ്ധതിയിൽപ്പെടുത്തി ഗ്രാമപഞ്ചായത്തിന് കോരിക്കലിൽ അനുവദിച്ച പി.എച്ച്.സി. സബ്സെന്ററിന് ശ്രീ.മാത്യു കോച്ചേരിൽ എന്നയാൾ സൗജന്യമായി വിട്ടു നൽകിയ 3 സെന്റ് സ്ഥലം പഞ്ചായത്തിന്റെ പേരിലാക്കി ഇവിടെ പി.എച്ച് സി. സബ്സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതിന് 23-1-19-ലെ പഞ്ചായത്ത് യോഗത്തിലും തീരുമാനമെടുക്കുകയുണ്ടായി (അജണ്ട - 6, തീരുമാനം - 2). പഞ്ചായത്ത് കമ്മിറ്റി എടുത്ത പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 2-8-19-ൽ നൽകിയിരുന്ന ഓഡിറ്റ് എൻക്വയറിക്ക് (നം - 5) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തിവികാസ് കേന്ദ്ര ടി ഭൂമിയുടെ ആധാരം നടത്തുന്നതിനായി ചുമതലപ്പെടുത്തിയ പവർ ഓഫ് അറ്റോർണിയുടെ കാലാവധി തീർന്നതിനാൽ ആയത് പുതുക്കി ലഭിച്ചതിനുശേഷം മാത്രമേ ആധാരം നടത്തുന്നതിന് നിർവ്വാഹമുള്ളൂ എന്നും ആയത് നാളിതുവരെ പുതുക്കി ലഭിച്ചിട്ടില്ലാത്തതിനാൽ ആധാരം നടത്തുന്നതിന് സാധിച്ചിട്ടില്ലായെന്നും വിശദീകരണം നൽകുകയുണ്ടായി. കൂടാതെ പവർ ഓഫ് അറ്റോർണി പുതുക്കി നൽകുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും ആയത് പുതുക്കി ലഭ്യമായശേഷം നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്വീകരിച്ച മേൽനടപടികളുടെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

ശ്രീ.മാത്യു കോച്ചേരിൽ എന്ന വ്യക്തി വിട്ടുനൽകിയ ഭൂമി സംബന്ധിച്ച് ടി വ്യക്തിയുമായി പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുള്ളതാണെന്നും വസ്തുവുമായി ബന്ധപ്പെട്ട റിക്കാർഡുകൾ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ടിയാനോട് നിർദ്ദേശിച്ചിട്ടുള്ളതായും മറുപടി ലഭ്യമാക്കി.

കമ്മിറ്റി തീരുമാനമെടുത്ത് മാസങ്ങൾ കഴിഞ്ഞിട്ടും തുടർനടപടികൾ സ്വീകരിച്ച് സൗജന്യമായി വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കി ലഭിച്ചിട്ടില്ല. പഞ്ചായത്ത് തീരുമാനത്തിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാതിരിക്കുന്നതും വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് എടുക്കുന്ന തീരുമാനങ്ങൾ നടപ്പാകുന്നുണ്ടോയെന്ന് പുന:പരിശോധന ഇല്ലാത്തതും ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ പോരായ്മയാണ് വ്യക്തമാക്കുന്നത്.

മേൽ സാഹചര്യത്തിൽ ആയുർവേദാശുപത്രി, അങ്കണവാടി, പി.എച്ച്.സി.സബ്സെന്റർ എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനപ്രാധാന്യം കണക്കിലെടുത്ത് ഇവയ്ക്കുവേണ്ടി സൗജന്യമായി ലഭിച്ച ഭൂമി ആധാരം നടത്തി റവന്യൂരേഖകൾ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കി ടി സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

3-14 ആശ്രയ –ഒന്നും രണ്ടും ഘട്ടത്തിലെ എല്ലാ ഗുണഭോക്താക്കൾക്കും അടിസ്ഥാന ജീവിത സൗകര്യങ്ങളൊരുക്കുന്നതിൽ സംവിധാനം പരാജയപ്പെട്ടു

അഗതി കുടുംബങ്ങളിലെ 41 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 2005-06 ൽ ആരംഭിച്ച ഒന്നാം ഘട്ട പദ്ധതിയിലും 2014-17 കാലയളവിലേയ്ക്ക് പുതിയ 61 ഗുണഭോക്തൃകുടുംബങ്ങളെ ഉൾപ്പെടുത്തി പ്രോജക്ട് അംഗീകാരം ലഭിച്ച ആശ്രയ രണ്ടാം ഘട്ട പ്രോജക്ട് പ്രകാരവും ആശ്രയ/അഗതി ഗുണഭോക്താക്കൾക്ക് ഫലപ്രദമായ രീതിയിൽ പരിചരണ സേവനങ്ങൾ നൽകാൻ കഴിഞ്ഞിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യമായി. രണ്ടാം ഘട്ടത്തിൽ ഭവനനിർമ്മാണത്തിനായി തെരഞ്ഞെടുക്കപ്പെട്ട 20പേരിൽ ഒരാൾക്കുപോലും സേവനം നൽകാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ആശ്രയപദ്ധതിയുമായി ബന്ധപ്പെട്ട വരവുചെലവുകണക്കുകൾ പരിശോധിച്ചതിൽ ഒന്നാം ഘട്ടത്തിലേയ്ക്കായി ലഭിച്ച ചലഞ്ച് ഫണ്ട്/പദ്ധതി വിഹിതം ഉൾപ്പെടയുള്ള തുകയിൽ 31.3.19-ൽ 7,73,802/- രൂപയും (22765/- രൂപ പലിശ ഉൾപ്പെടെ) ആശ്രയ രണ്ടാം ഘട്ടത്തിന് വേണ്ടി ലഭിച്ച തുകയിൽ പ്ലാൻഫണ്ട് 31,00,000/- രൂപയും ചലഞ്ച്ഫണ്ട് 5,52,548/- രൂപയും ആയതിനുള്ള പലിശയിനത്തിൽ 3,84,151/- രൂപയും ഉൾപ്പെടെ ആകെ 48,10501/- രൂപയാണ് വിനിയോഗിക്കാതെ തലയോലപ്പറമ്പ് കേരള ഗ്രാമീൺബാങ്ക് ശാഖയിലുള്ള ആശ്രയപദ്ധതി അക്കൗണ്ടിൽ അവശേഷിച്ചിരുന്നത്. ഓരോ വാർഷികപദ്ധതികളിലും ആശ്രയ അക്കൗണ്ടിലേക്ക് കൈമാറിയിരുന്ന തുക പദ്ധതിക്കായി വിനിയോഗിക്കാതിരുന്നതിനാലാണ് ഇത്രയും ഭീമമായ തുക അക്കൗണ്ടിൽ അവശേഷിച്ചിരുന്നത് എന്ന് വ്യക്തമാണ്. ഓഡിറ്റ് വർഷം തുകയൊന്നും കൈമാറിയിട്ടില്ല . അഗതി/ആശ്രയ ഗുണഭോക്താക്കളുടെ ക്ലേശ ഘടകങ്ങൾ പൂർണ്ണമായി പരിഹരിക്കാത്ത സ്ഥിതിക്ക് പരിചരണ സേവനങ്ങൾക്കുള്ള തുക വിനിയോഗിക്കാതെ അവശേഷിക്കുന്നത് പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മ മൂലമാണ്. നിലവിൽ ഒന്നും രണ്ടും ഘട്ട റീ വിസിറ്റ് ഉൾപ്പടെയുള്ള നടപടികൾ പൂർത്തിയാക്കി 3-ാംഘട്ട പ്രോജക്ട് തയ്യാറാക്കി സ്റ്റേറ്റ് മിഷന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉത്തരവ് പ്രകാരം ഒന്നും രണ്ടും ഘട്ടത്തിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുക ഇതേബാങ്കിൽ പുതിയ അക്കൗണ്ട് തുടങ്ങി (അക്കൗണ്ട് നം 40541101027660) ആയതിലേക്ക് 13-6-19-ൽ ട്രാൻസ്ഫർക്രഡിറ്റ് ചെയ്തിട്ടുണ്ട്.

സാമൂഹ്യനീതി ഉറപ്പാക്കുക എന്ന നിയതലക്ഷ്യം കൈവരിക്കുന്നതിലേക്കായി ആശ്രയ/ അഗതി ഗുണഭോക്താക്കൾക്ക് ഫലപ്രദമായ രീതിയിൽ പുതിയ പ്രോജക്ട് പ്രകാരമുള്ള പരിചരണ സേവനങ്ങൾ നൽകുവാൻ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതും പുരോഗതി മേൽനിരീക്ഷണത്തിനു വിധേയമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ക്ഷേമകാര്യസ്റ്റാന്റിംഗ്

കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗവിവരം

ഗ്രാമപഞ്ചായത്തിന് 2018-19 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിനിമയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച തീയതി	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്		1,00,000	സാന്ത്വന പരിചരണ പദ്ധതി	1,00,000	0
		30,68,207	ലൈഫ് ഭവന പദ്ധതി	18,80,207	11,88,000
		79000	ഗാർഹിക കുടിവെള്ള കണക്ഷൻ നല്കൽ	36,700	42,300
		21000	എസ്.റ്റി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്	6,000	15,000
ജില്ലാ പഞ്ചായത്ത്		2039770	ലൈഫ് ഭവന പദ്ധതി	13,58,032	6,81,738

4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകൾ

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.)	നിക്ഷേപിച്ച തുക	നിക്ഷേപിച്ച തീയതി	ചെലവ്	ബാലൻസ്
കെ.എസ്.ഇ.ബി.	വിവിധ വാർഡുകളിൽ എൽ.ടി.സിംഗിൾഫേസ് ലൈൻ നീട്ടൽ(118/19)	244104/-	19.09.2018	ഇല്ല	244104/-
വാട്ടർ അതോറിറ്റി	വിവിധ വാർഡുകളിൽ (4,13)പൈപ്പ്ലൈൻ നീട്ടൽ (130/19)	322000/-	27.11.2018	ഇല്ല	322000/-
വാട്ടർ അതോറിറ്റി	വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ നീട്ടൽ (10/19)	546000/-	28.11.2018	ഇല്ല	546000/-
ആകെ		**11,12,104**		-	**11,12,104**

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഗ്രാമപഞ്ചായത്ത് 2018-19 വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നല്കിയിട്ടില്ല.

4-4 തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുക

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും രജിസ്റ്റർ പ്രകാരമുള്ള വിശദവിവരം താഴെ കൊടുക്കുന്നു. പ്രസ്തുത കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	തൻവർഷം ലഭിച്ച വായ്പ	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.എസ് ഭവനപദ്ധതി	ജിഒ (എംഎസ്)725/10 ത.സ്വ.ഭ.വ/04.03.10	0	1408883	1408883	--	0

ലൈഫ് ഭവനപദ്ധതി	ജി.ഒ.(എം.എസ്.)നം.100/2018/തസ്വഭവ, 30.7.18	6280000	0	0	0	6280000

4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

ക്രമ നമ്പർ	ബാങ്ക്	നിക്ഷേപിച്ച തുക, വർഷം	പ്രാരംഭബാക്കി	17-18 പലിശ	നീക്കിയിരിപ്പ്
1	വടയാർ എസ്.സി.ബി. FD No.09226	7,50,000 26.11.12	1143622	1,02,926	1246548
2	ഫാർമേഴ്സ് ബാങ്ക്, തലയോലപ്പറമ്പ് FD No.85025	7,50,000 28.11.12	1221392	103818	13,25,210
	ആകെ	**15,00,000**	**23,65,014**	**2,06,744**	**2571758**

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	**23,65,014**
തൻവർഷം നിക്ഷേപിച്ച തുക(പലിശ)	2,06,744
ആകെ	**2571758**
തന്നാണ്ടിൽ പിൻവലിച്ച തുക	-
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	**2571758**

4-6 ഓഡിറ്റ് റിക്കവറി

2018 -19 വർഷത്തിലെ ഓഡിറ്റ് റിക്കവറി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം./ തീയതി
ലഭ്യമല്ല	ലഭ്യമല്ല	10,554/-	ശ്രീ.ഫെലിക്സ് ജോസഫ്	11805010072/ 31.03.19
ആകെ		**10,554/-**		

ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2000-01	3(a)	2007-08	3-32-1	വസ്ത്രനിർമ്മാണ യൂണിറ്റ് - അനുവദിക്കപ്പെട്ട ധനസഹായം വിനിയോഗിച്ചിട്ടില്ല	-
2002-03	ചെലവ് ഭാഗം 2 ഖ-19	2005-06	2-27-1	SGRYപദ്ധതി നടത്തിപ്പിലെ അപാകതകൾ	-
1999-00	25(ബി), 33	2003-04	പേജ് 63	1.എർത്ത് ഫില്ലിങ്ങിന് അധിക നിരക്ക് നൽകിയത് - 10,554	-

				2.കർഷകർക്ക് വളം വിതരണം -അധിക സബ്സിഡി-15,608	
		2013-14	പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ ഖ 5-1 പേജ് 57, 65, 76	-	-

4-8 ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ .

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	9,01,60,051.05
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	6,91,15,077
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	75,000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	24,88,068

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.

(ബി). **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		15000	ശ്രീ.സുനിൽ എസ്., സെക്രട്ടറി
3-10		60000	ശ്രീമതി ചിഞ്ചു ദിനേശ്, വി.ഇ.ഒ.
ആകെ		75000	

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-4	67,396	ശ്രീ. ആർ.രമേഷ് ബാബു, അസിസ്റ്റന്റ് സെക്രട്ടറി
3-6	1,22,539	ഡോ.സുധർമണി തങ്കപ്പൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
3-7	9,22,584	ശ്രീമതി സൂര്യ ജി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ
3-8(1)	63,445	ശ്രീ. സുനിൽ എസ്., സെക്രട്ടറി
3-8(2)	2,00,000	ഡോ.കെ.മോളി, മെഡിക്കൽ ഓഫീസർ, ഹോമിയോ
3-9	11,12,104	ശ്രീ. സുനിൽ എസ്., സെക്രട്ടറി
ആകെ	24,88,068	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.സുനിൽ എസ്., സെക്രട്ടറി	സെക്രട്ടറി, തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്	പരിക്കണ്ണിത്താനത്ത് പുത്തൻപുരയിൽ കുന്നപ്പിള്ളി പെരുവ പി.ഒ. 686610
ശ്രീമതി ചിഞ്ചു ദിനേശ്, വി.ഇ.ഒ.	വി.ഇ.ഒ., തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്	പെരുമാശ്ശേരിയിൽ (H) പോളശ്ശേരി വൈക്കം പി.ഒ. പിൻ – 686141

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98 വരവ്	എൽ.എഫ്.കെ.പി5/1062/07/30.06.09/6.10.09
1999-00 ചെലവ്	എൽ.എഫ്.കെ.പി5/1006/അദാ/14/7.1.15
1998-99 വരവ്	എൽ.എഫ്.കെ.പി5/1096/07/30.06.09/6.10.09
1999-00 വരവ്	എൽ.എഫ്.കെ.പി5/1097/07/1.07.09/6.10.09
പ്ലാൻ 2000-01, 01-02	എൽ.എഫ്.കെ.പി5/569/അദാ/14/7.1.15
2000-01 വരവ്	എൽ.എഫ്.കെ.പി5/1098/07/30.06.09/14.9.09
2001-02	എൽ.എഫ്.കെ.പി5/1082/08/30.03.10
2003-04	എൽ.എഫ്.കെ.പി5/1084/08/19.09.09/26.3.10
2004-05	കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(3)/2018/16.02.18/14.03.18
2005-06	കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(4)/2018/16.02.18/14.03.18
2006-07	കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(5)/2018/16.02.18/14.03.18
2007-08	കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(2)/2018/16.02.18/14.03.18
2008-09	കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(6)/2018/16.02.18/14.03.18
2009-10	എൽ.എഫ്.കെ.പി9/872/11/8.11.12
2010-11 & 2011-12	എൽ.എഫ്.കെ.പി9/920/13/28.01.14/3.2.14
2012-13	എൽ.എഫ്.കെ.പി9/585/14/21.4.15
2013-14	കെ.എസ്.എ-കെ.ടി.എം.പി9/163/16/21.03.16/23.03.16
2014-15	കെ.എസ്.എ-കെ.ടി.എം.പി9/967/16/12.7.16/21.07.16
2015-16	കെ.എസ്.എ-കെ.ടി.എം.പി8/1437/17/06.12.17
2016-17	കെ.എസ്.എ-കെ.ടി.എം.പി8/1335/17/19.01.18
2017-18	കെ.എസ്.എ-കെ.ടി.എം.പി.8/320/19 തീയതി 20.04.19/14.05.19

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം 1
ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.ടി.എം.പി. 8/1226/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 27.08.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയി**ലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19**ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം